Rs. 8.00

# ഓശാന

# HOSANNA

January - March 2016 Vol. 41 Issue 2

**ജനുവരി - മാർച്ച് 2016**

(3) അധികാരം - ജോസഫ് പുലിക്കുന്നേൽ
(9) കുടുംബക്കല്ലറ - താമരശ്ശേരി
(15) കക്ഷിവഴക്കുകളും കോടതികേസുകളും
ഇനി കത്തോലിക്കാ സഭയിൽ! - ജയിംസ് ഐസക്
(20) സഭയിലെ സ്ത്രീ ആത്മീയത
- മാത്തുക്കുട്ടി തകടിയേൽ
(26) ആഢംബര പള്ളിനിർമാണ ചിലവ് കിടിശ്ശികയായി
പള്ളിക്കണക്കിൽ ചേർക്കുന്നതിനെ ചെറുക്കും
(28) ക്രൈസ്തവ വിദ്യാഭ്യാസരംഗം
ഇന്നലെയും ഇന്നും - ജോർജ് മൂലേച്ചാലിൽ
(34) ബിഷപ്പ് കെ.ജി.ദാനിയേൽ പത്തു ലക്ഷം
രൂപ നഷ്ടപരിഹാരം നൽകാൻ കോടതിവിധി
(35) പുസ്തക പരിചയം
(36) കോട്ടയം നസ്രാണി പെരുമ - ജയിംസ് ഐസക്
(42) www.josephpulikunnel.com സജീവമായി

ഭാരതീയ ക്രൈസ്തവ പഠനകേന്ദ്ര പ്രസിദ്ധീകരണം

# HOSANA
**(Quarterly)**

Vol. 41 Issue 2 Price Rs. 8

Founded in October - 1975
A Publication of the Indian Institute of Christian Studies.
Founder & Editor
**Joseph Pulikunnel**


Printed & published by:
**Joseph Pulikunnel**
Phone(O) **: 04822 - 236269, 237137**
Mob **: 9447196214**
E-mail :
hosannamountinfo@gmail.com
website:www. hosannamount.com


അംഗത്വഫീസ് (വരിസംഖ്യ)

| കാലയളവ് | ഇന്ത്യയിൽ | വിദേശത്ത് |
|---|---|---|
| 1 വർഷം | 90 രൂപ | 750 രൂപ |
| ഒറ്റപ്രതി | 8 ,, | 80 |

All Correspondence, Articles, M.O. and Bank drafts:
**To**
**Joseph Pulikunnel**
**Hosanna Mount,**
**Edamattom P.O.**
**Kottayam Dist.,**
**Kerala - 686 578**

Published and printed by Joseph Pulikunnel on behalf of Indian Institute of Christian Studies and
Printed at
CRLS Press, Hosanna Mount , Edamattom P.O. Kottayam Dist, Kerala - 686578
Editor : Joseph Pulikunnel

**January - March 2016**


# സുവിശേഷം

"ചെറിയ ആട്ടിൻകൂട്ടമേ, ഭയപ്പെടേണ്ട, കാരണം, രാജ്യം നിങ്ങൾക്കു നല്കാൻ നിങ്ങളുടെ പിതാവു പ്രസാദിച്ചിരിക്കുന്നു. നിങ്ങളുടെ സമ്പത്തു വിറ്റു ഭിക്ഷ കൊടുക്കുക. കള്ളൻ കവർച്ച നടത്താത്തതും പുഴു നാശം ചെയ്യാത്തതുമായ സ്വർഗത്തിൽ, പഴകിപ്പോകാത്ത പണസഞ്ചികൾ, അഴിയാത്ത നിക്ഷേപം, സമ്പാദിക്കുക. കാരണം, നിങ്ങളുടെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും."

(ലൂക്കോ12 : 32-34)

# അധികാരം

## ജോസഫ് പുലിക്കുന്നേൽ

സമൂഹത്തിൽ ക്രിസ്തു തിരുത്തിക്കുറിക്കാൻ ആഗ്രഹിച്ചത് അധികാരത്തെക്കുറിച്ചുള്ള കാലികമായ കാഴ്ചപ്പാടായിരുന്നു. ക്രിസ്തുവിന്റെ കാലത്ത് രണ്ടുതരം അധികാരങ്ങളായിരുന്നു ഉണ്ടായിരുന്നത്. ഒന്ന് മോശെയുടെ കല്പന അനുസരിച്ചുള്ള പുരോഹിതാധികാരം. മോശെ വരെ യഹൂദർക്ക് പുരോഹിതർ ഉണ്ടായിരുന്നില്ല. മോശെയുടെ കാലത്തിനുമുമ്പും ദൈവത്തിന് ബലി അർപ്പിക്കുക എന്ന സമ്പ്രദായം ഇസ്രായേലിൽ നിലനിന്നിരുന്നു. അന്ന് കുടുംബനാഥന്മാരായിരുന്നു ബലിയർപ്പകർ. അതിന് പ്രത്യേകമായ ചിട്ടവട്ടങ്ങളും ക്രമങ്ങളും സ്ഥലവും ഉണ്ടായിരുന്നില്ല. മോശെയാണ് ഓരോ ബലിക്കും വേണ്ട പ്രത്യയക്രമങ്ങൾ ക്രോഡീകരിച്ചത്. (ലേവിയർ പുസ്തകം കാണുക).

പുരോഹിതർക്ക് വേഷവിധാനങ്ങളും മോശെ നിർദ്ദേശിച്ചു. ഇവയെല്ലാം കണ്ടും പഠിച്ചും അനുസരിച്ചുമാണ് യഹൂദർ യേശുവിന്റെ കാലത്ത് ജീവിച്ചിരുന്നത്. അധികാരമുള്ളവർ സമൂഹത്തിൽ ഒന്നാമനായിരുന്നു. യേശു ഈ കാഴ്ചപ്പാടിനെയാണ് തന്റെ പഠനങ്ങളിലൂടെ നിഷേധിച്ചത് അല്ലെങ്കിൽ നിരോധിച്ചത്. യേശു വിഭാവനം ചെയ്ത സമൂഹത്തിൽ അധികാരികൾക്ക് പ്രത്യേക സ്ഥാനമുണ്ടായിരുന്നില്ല എന്നു കാണാം. സഭയിൽ എങ്ങനെ അധികാരം ഉണ്ടായി? ലേവ്യർ പുരോഹിതരുടെ ഭാഷ്യങ്ങളും വിജാതീയരുടെ അധികാരവും സഭയിൽ എങ്ങനെ ഉണ്ടായി? ആദിമസഭാചരിത്രം വായിക്കുന്ന പക്ഷം അതിൽനിന്നും ഈ അധികാരത്തിന്റെ സ്രോതസ്സ് കണ്ടുപിടിക്കാനാകും. യേശുവിന്റെ കാലത്തുതന്നെ ശിഷ്യന്മാരുടെ ഇടയിൽ അധികാരതർക്കം ഉയർന്നു വന്നിരുന്നു. *“അപ്പോൾ സെബദിപുത്രന്മാരുടെ അമ്മ പുത്രന്മാരോടുകൂടി വന്ന് അവന്റെ മുമ്പിൽ മുട്ടുകുത്തി തനിക്ക് ഒരപേക്ഷ ഉണ്ടെന്ന് ഉണർത്തിച്ചു. ‘നിനക്ക് എന്തു വേണം?’ എന്ന് യേശു അവളോടു ചോദിച്ചു. അവൾ അവനോടു പറഞ്ഞു: ‘നിന്റെ രാജ്യത്ത് എന്റെ ഈ രണ്ടു മക്കളിൽ ഒരുവൻ നിന്റെ വലത്തും ഒരുവൻ നിന്റെ ഇടത്തും ഇരിക്കാൻ കല്പിക്കണമേ.’ എന്നാൽ യേശു മറുപടി പറഞ്ഞു: ‘നിങ്ങൾ എന്താണ് ആവശ്യപ്പെടുന്നതെന്നു നിങ്ങൾ അറിയുന്നില്ല. ഞാൻ കുടിക്കാൻപോകുന്ന പാനപാത്രത്തിൽനിന്നു കുടിക്കാൻ നിങ്ങൾക്കു കഴിയുമോ? ‘ ഞങ്ങൾക്കു കഴിയും’ എന്ന് അവർ അവനോടു പറഞ്ഞു. അവൻ അവരോടു പറഞ്ഞു: നിങ്ങൾ എന്റെ പാനപാത്രത്തിൽനിന്നു കുടിക്കും. എന്നാൽ എന്റെ ഇടത്തും വലത്തും ഇരിക്കാൻ വരം നല്കേണ്ടതു ഞാനല്ല. അത് എന്റെ പിതാവ് ആർക്കുവേണ്ടി ഒരുക്കിയിരിക്കുന്നുവോ അവർക്കുള്ളതാകുന്നു. ഇതുകേട്ടപ്പോൾ മറ്റു പത്തുപേർക്കും ആ രണ്ടു സഹോദരന്മാരോട് അമർഷം ഉണ്ടായി. എന്നാൽ യേശു അവരെ അടുത്തു വിളിച്ചു പറഞ്ഞു:*

*"വിജാതീയരുടെ മേൽ അവരുടെ ഭരണാധിപർ യജമാനത്വം പുലർത്തുന്നു എന്നും പ്രമാണിമാർ അവരുടെമേൽ അധികാരം നടത്തുന്നു എന്നും നിങ്ങൾക്ക് അറിയാമല്ലോ. ഇതു നിങ്ങളുടെ ഇടയിൽ ഉണ്ടാകരുത്. നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ഭൃത്യനാകണം; നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ അടിമയാകണം; മനുഷ്യപുത്രനെപ്പോലെ. മനുഷ്യപുത്രൻ വന്നിരിക്കുന്നതു സേവിക്കപ്പെടാനല്ല, സേവിക്കാനാണ്, അനേകർക്കുവേണ്ടി സ്വജീവൻ വീണ്ടെടുപ്പുവിലയായി നല്കാനാണ്."* (മത്താ. 20 : 20-28)

അപ്പോൾ യേശുവിന്റെ കാലത്തുള്ള വിജാതീയരുടെ അധികാരഘടന യേശു പൂർണമായും നിഷേധിക്കുകയായിരുന്നു. "കെസറിയാ ഫിലിപ്പി പ്രദേശത്ത് എത്തിയപ്പോൾ യേശു ശിഷ്യന്മാരോടു ചോദിച്ചു: *"മനുഷ്യപുത്രൻ ആരാണെന്നാണ് ജനങ്ങൾ പറയുന്നത്?' അവർ പറഞ്ഞു: 'സ്നാപകയോഹന്നാൻ എന്നു ചിലർ പറയുന്നു. ഏലിയാ എന്നു മറ്റു ചിലർ പറയുന്നു. യിരെമ്യായോ പ്രവാചകരിൽ ഒരുവനോ ആണെന്നു വേറെ ചിലർ പറയുന്നു.' അവൻ അവരോടു ചോദിച്ചു: 'എന്നാൽ ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്?' ശിമയോൻ പത്രോസ് പറഞ്ഞു: 'നീ ക്രിസ്തുവാകുന്നു; ജീവനുള്ള ദൈവത്തിന്റെ പുത്രൻ.' യേശു മറുപടി പറഞ്ഞു: 'യോനായുടെ പുത്രനായ ശിമയോനേ, നീ ഭാഗ്യവാൻ. മനുഷ്യനല്ല ഇതു നിനക്കു വെളിപ്പെടുത്തിത്തന്നത്; എന്റെ സ്വർഗസ്ഥനായ പിതാവാണ്. ഞാൻ നിന്നോടു പറയുന്നു: നീ പത്രോസ് ആകുന്നു. ഈ പാറയിൽ എന്റെ സഭ ഞാൻ കെട്ടിപ്പടുക്കും. മരണത്തിന്റെ ശക്തികൾ അതിനെതിരെ വിജയിക്കയില്ല. സ്വർഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിക്കപ്പെട്ടിരിക്കും.' താൻ ക്രിസ്തുവാണെന്ന് ആരോടും പറയരുത് എന്നു പിന്നീട് അവൻ ശിഷ്യന്മാരെ കർശനമായി വിലക്കി."* (മത്താ. 16 : 13-20)

എന്നാൽ മറ്റുള്ളവരിൽനിന്നും വ്യത്യസ്തമായി ഒരു അധികാരവും പത്രോസിന് ഇവിടെ നല്കുന്നില്ല. *"സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും. നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിക്കപ്പെട്ടിരിക്കും. വീണ്ടും ഞാൻ നിങ്ങളോടു പറയുന്നു: ഭൂമിയിൽ, നിങ്ങളിൽ രണ്ടുപേർ യോജിച്ച് ഏതെങ്കിലും കാര്യം ചോദിച്ചാൽ, എന്റെ സ്വർഗസ്ഥനായ പിതാവ് അതു നിങ്ങൾക്കു സാധിച്ചു തരും. കാരണം, എന്റെ നാമത്തിൽ രണ്ടോ മൂന്നോ പേർ ഒന്നിച്ചുകൂടുമ്പോൾ, അവരുടെ ഇടയിൽ ഞാൻ ഉണ്ടായിരിക്കും."* (മത്താ. 18: 18-20)

ക്രിസ്തു ഒരധികാര സംവിധാനം തന്റെ സഭയിൽ സ്ഥാപിച്ചിരുന്നില്ല. മാത്രമല്ല വിജാതീയരുടെയും യഹൂദരുടെയും അധികാര സംവിധാനത്തെ യേശു നിരാകരിക്കുകയാണുണ്ടായത്. യേശുവിന്റെ ശിഷ്യന്മാർ ആരും

തന്നെ ലേവ്യർ പുരോഹിതരുടെ സ്ഥാനകാംക്ഷികളായിരുന്നില്ല. ശ്ലീഹന്മാർ പൗരോഹിത്യം അവകാശപ്പെട്ടിരുന്നില്ല. മാത്രമല്ല യേശു അവർക്ക് പൗരോഹിത്യം നൽകിയുമില്ല. അപ്പോൾ മോശ നൽകിയ അധികാരങ്ങളൊന്നും ക്രിസ്തു തന്റെ ശിഷ്യന്മാർക്കു നൽകിയില്ല. ലേവിയർ മാത്രമായിരുന്നു പുരോഹിതരുടെ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടത്.

ജനനവശാൽ യേശു ഒരു ലേവിയൻ ആയിരുന്നില്ല. യേശുവിന്റെ ശിഷ്യന്മാർ ആരുംതന്നെ ലേവി വംശജരുമായിരുന്നില്ല. അപ്പോൾ താൻ സ്ഥാപിച്ച സഭയിലുള്ള അധികാര വിന്ന്യാസം യേശു നടത്തിയതല്ല. യഹൂദമതത്തിലെ ലേവിയ പൗരോഹിത്യം പൂർണമായി നിരാകരിച്ചുകൊണ്ടായിരുന്നു യേശുവിന്റെ ജീവിതം. യേശു ദേവാലയത്തിൽ ബലി അർപ്പിക്കുന്നതിനായി പോയി എന്ന് പുതിയ നിയമത്തിൽ വായിക്കുന്നില്ല. യേശുവിന്റെ ദേവാലയ പ്രവേശനത്തെക്കുറിച്ചുള്ള പരാമർശം താഴെ കൊടുക്കുന്നു. *"യേശു ദേവാലയത്തിൽ പ്രവേശിച്ച് അവിടെ ക്രയവിക്രയങ്ങൾ നടത്തിയിരുന്നവരെയെല്ലാം പുറത്താക്കി. അവൻ നാണയം മാറ്റുന്നവരുടെ മേശകളും പ്രാവുകളെ വില്ക്കുന്നവരുടെ ഇരിപ്പിടങ്ങളും മറിച്ചിട്ടു. അവൻ അവരോടു പറഞ്ഞു: "എന്റെ ആലയം പ്രാർഥനാലയം എന്നു വിളിക്കപ്പെടും" എന്നു വിശുദ്ധലിഖിതത്തിലുണ്ടല്ലോ. എന്നാൽ നിങ്ങൾ, അതിനെ കൊള്ളക്കാരുടെ ഗുഹയാക്കിയിരിക്കുന്നു."* (മത്താ. 21 : 12, 13)

ഇന്നു സഭയിൽ കാണുന്ന ഹൈരാർക്കിക്കൽ അധികാര സംവിധാനം സഭയിൽ എന്നുണ്ടായി? എങ്ങനെയുണ്ടായി?

പത്രോസിന് യേശു പ്രത്യേകമായ അധികാരം കൊടുത്തിട്ടുണ്ടെന്നും പത്രോസിന്റെ പിൻഗാമിയായ റോമിലെ പാപ്പായ്ക്ക് ഈ അധികാരങ്ങൾ സ്ഥാനവശാൽ ലഭിച്ചതാണെന്നുമാണ് സഭ പഠിപ്പിച്ചുപോരുന്നത്.

യേശു കെട്ടാനും അഴിക്കാനുമുള്ള അധികാരം പത്രോസിന് കൊടുത്തു എന്ന മിഥ്യാധാരണയിലാണ് പത്രോസിന്റെ അധികാരങ്ങളെക്കുറിച്ച് ആദിമസഭ ചിന്തിച്ചത്. പത്രോസും പൗലോസും റോമിൽവെച്ച് രക്തസാക്ഷികളായി എന്നും അവരുടെ മൃതശരീരം റോമിൽ ഇന്നു കാണുന്ന വത്തിക്കാൻ പള്ളിയിൽ സംസ്കരിച്ചിരുന്നു എന്നുമാണ് സഭ പഠിപ്പിക്കുന്നത്. പാപങ്ങൾ കെട്ടാനും അഴിക്കാനുമുള്ള അധികാരം പത്രോസിനു മാത്രമായി കൊടുത്തതല്ല. മറിച്ച് എല്ലാ ശിഷ്യന്മാർക്കും (വിശ്വാസികൾക്കും) നൽകിയ വരദാനമായിരുന്നു ഇത്. ഒന്നോ രണ്ടോ പേർ യോജിച്ച് ഒരു കാര്യം ചോദിച്ചാൽ അത് എന്റെ പിതാവ് നൽകും എന്ന യേശുവിന്റെ വാഗ്ദാനത്തിനു പിന്നിലുള്ള ആശയവും ഇവിടെ വിശദമാക്കുന്നു.

കാരണം എന്റെ നാമത്തിൽ രണ്ടോ മൂന്നോ പേർ ഒന്നിച്ചുകൂടുമ്പോൾ അവരുടെ ഇടയിൽ യേശു ഉണ്ടായിരിക്കും. ഇത് വിശ്വാസികളുടെ കൂട്ടായ്മയ്ക്ക് യേശു നൽകിയ പ്രത്യുപകാരമാണ്. യേശുവിന്റെ നാമത്തിൽ ഒന്നിച്ചുകൂടി എന്തെങ്കിലും ആവശ്യപ്പെട്ടാൽ അത് സ്വർഗസ്ഥനായ

പിതാവ് നൽകുമെന്നുള്ള വിശ്വാസം സഭയിൽ എന്നുമുണ്ടായിരുന്നു. അത് അധികാരത്തിന്റെ രൂപമായിരുന്നില്ല. മറിച്ച് രണ്ടോ മൂന്നോ പേർ യോജിക്കുമ്പോൾ അവിടെ യേശുവിന്റെ സാന്നിദ്ധ്യം ഉണ്ട് എന്ന വിശ്വാസമായിരുന്നു അവരുടെ ആവശ്യങ്ങൾ യേശു നടത്തിക്കൊടുക്കും എന്നുള്ളതിന്റെ പിന്നിലുള്ള സങ്കല്പം. ഇത് വ്യക്തികൾക്ക് കിട്ടിയ അധികാരമായിരുന്നില്ല. മറിച്ച് വിശ്വാസികളുടെ കൂട്ടായ്മക്ക് ദൈവം നൽകിയ വരദാനമായിരുന്നു. ഇതിൽ വ്യക്തികൾക്ക് അഭിമാനിക്കാൻ ഒന്നുമുണ്ടായിരുന്നില്ല.

പിന്നെ സഭയിൽ ഇന്നു കാണുന്ന അധികാരക്രമം എങ്ങനെ ഉണ്ടായി?

## കോൺസ്റ്റന്റൈന്റെ ദാനം.

*"മാർപാപ്പാ രാഷ്ട്രാധിപനും കൂടിയായതിന്റെ പിൻബലമായി വേണം 'കോൺസ്റ്റന്റൈന്റെ ദാന'ത്തെ വീക്ഷിക്കാൻ. പാശ്ചാത്യ റോമാ സാമ്രാജ്യത്തിന്റെയും സാർവ്വത്രിക സഭയുടെയും മേൽ മാർപാപ്പായ്ക്കു പരമാധികാരം നൽകിക്കൊണ്ട് റോമാചക്രവർത്തിയായിരുന്ന കോൺസ്റ്റന്റൈൻ ചക്രവർത്തി സിൽവെസ്റ്റർ ഒന്നാമന് (314-355) നൽകിയ ഒരു വിളംബരമായി ഇതിനെ കണക്കാക്കിപ്പോന്നു. പക്ഷേ എട്ടാം നൂറ്റാണ്ടിൽ മാർപാപ്പായുടെ രാഷ്ട്രാധികാരത്തിനുള്ള പിൻബലമായി ആരോ കെട്ടിച്ചമച്ച ഒരു വ്യാജരേഖയാണിത്. നവോത്ഥാനകാലം വരെ (Renaissance) ഇതിന്റെ സാധുതയെ ആരും ചോദ്യം ചെയ്തിരുന്നില്ല. ഈ വ്യാജരേഖയിൽ ചക്രവർത്തിക്കുണ്ടായ ഒരു ദിവ്യദർശനത്തെക്കുറിച്ചും ചക്രവർത്തി കുഷ്ഠരോഗത്തിൽ നിന്നും അത്ഭുതകരമായി വിമുക്തനായതിനെക്കുറിച്ചും നാടകീയമായി ചിത്രീകരിച്ചിട്ടുണ്ട്. ദർശനത്തിൽ വി.പത്രോസും വി.പൗലോസും ചക്രവർത്തിയോട് ക്രിസ്തുമതം സ്വീകരിക്കാൻ ആവശ്യപ്പെട്ടുവെന്നും സുഖപ്രാപ്തിക്കായി സിൽവെസ്റ്റർ മാർപാപ്പായെ സന്ദർശിക്കുവാൻ ആവശ്യപ്പെട്ടുവെന്നുംകാണാം. ഈ രേഖയനുസരിച്ച് അന്ത്യോക്യാ, അലക്സാണ്ട്രിയ, ജറുശലേം, കോൺസ്റ്റാന്റിനോപ്പിൾഎന്നീ നാലു റോമൻ പ്രവിശ്യകളിലും മാർപാപ്പായ്ക്ക് അധികാരം നല്കിയിട്ടുണ്ടത്രെ. രാജകീയമായ വേഷവിധാനങ്ങളും സ്ഥാനമാനങ്ങളും മാർപ്പാപ്പായ്ക്കും മറ്റ് സഭാധികാരികൾക്കും പിൻഗാമികൾക്കും കോൺസ്റ്റന്റൈൻ ഈ രേഖ വഴി അനുവദിച്ചിരിക്കുന്നു. സഭാധികാരികളെല്ലാം - മാർപാപ്പാ, കർദ്ദിനാളന്മാർ, വൈദികർ - റോമാ സാമ്രാജ്യത്തിലെ രാജകീയവും ഉന്നതവുമായ വേഷവിധാനങ്ങൾ സ്വീകരിച്ചതിന്റെ പശ്ചാത്തല കാരണവുംഈ രേഖയിൽ വ്യക്തമായി കാണുന്നുണ്ട്. റോമാസാമ്രാജ്യത്തിലെ വിവിധസ്ഥാന പദവികൾ സഭ സ്വീകരിച്ചതിനുള്ള സാധൂകരണവും ഈ വ്യാജ രേഖയിലുണ്ട്."* (ഡോ. കൂടപ്പുഴ, തിരുസഭാചരിത്രം, പേജ് 629-30)).

വിജാതീയരുടെ അധികാരസംവിധാനം എന്നു പേരെടുത്തു പറഞ്ഞ് യേശു നിരാകരിച്ച അധികാര സങ്കല്പനമാണ് കോൺസ്റ്റന്റൈന്റെ ദാനം എന്ന ഈ കള്ള രേഖയിലൂടെ സഭയിൽ സ്ഥാപിച്ചെടുത്തത്.

കത്തോലിക്കാ ദൈവശാസ്ത്രജ്ഞനായ റവ ഫാ. ഹാൻസ് കങിന്റെ ഇൻഫാലിബിൾ എന്ന ഗ്രന്ഥത്തിൽ ഈ കാര്യങ്ങൾ വിശദമാക്കുന്നുണ്ട്. *"The great change, however, came about in conjunction with the Gregorian Reform.... The papal teaching authority was now buttressed by the monstrous ninth-century forgery of the Decretals of the Pseudo-Isidore (115) forged documents attributed to the early bishops of Rome from Clement of Rome onwards and 125 documents with interpolations. (Hans Kung, Infallible?, Page 94). Gratian, the founder of canon law, wrote his law book, which laid the foundation for all that was to follow in later times, including the 1918 Code of Canon Law, quoting 324 passages from popes of the first four centuries, of which 313 are demonstrably forged.......... These prepositions based on forgeries were then taken over by St.Thomas into his* ***Summa Theologiae****, where they really began to make history"* (Ibid, page 95,96).

18-ാം നൂറ്റാണ്ടിൽ പീയൂസ് ഒമ്പതാമന്റെ കാലത്ത് വന്ന വത്തിക്കാൻ കൗൺസിൽ പാസ്സാക്കിയ മാർപാപ്പാമാർക്ക് അപ്രമാദിത്വം ഉണ്ട് എന്ന ഡിക്രി യുടെയും സ്രോതസ്സ് കോൺസ്റ്റന്റൈന്റെ ദാനം എന്ന കള്ളരേഖയാണ്.

ബൈബിളിൽ ഒരിടത്തും പത്രോസിന് ഇന്നു കാണുന്ന ഭൗതികാധി കാരം യേശു കൊടുത്തതായി കാണുന്നില്ല. മാത്രമല്ല വളരെ വ്യക്ത മായി യേശു പീലാത്തോസിനോടു പറഞ്ഞു എന്റെ രാജ്യം ഐഹിക മല്ല എന്ന്. റോമാ ചക്രവർത്തിയും പിന്നീട് രാജാക്കന്മാരും നൽകിയ അധികാരമാണ് മാർപാപ്പായ്ക്കും മെത്രാന്മാർക്കും ലഭിച്ചത്.

ദൈവത്തിന്റെ പേരിൽ ഇന്ന് സഭ ഏറ്റെടുത്തിരിക്കുന്ന അധികാരം ദൈവകല്പിതമോ സുവിശേഷബന്ധിയോ അല്ല. യേശുവിന്റെ പിൻഗാ മികളായ അപ്പോസ്തലന്മാർ അധികാരികളായിരുന്നില്ല. ഇന്നത്തെ സഭാ ധികാരികളുടെ നിലപാടുകളെല്ലാം തന്നെ ക്രിസ്തുവിരുദ്ധമാണ്. മെത്രാന്മാരും പുരോഹിതരും ആധ്യാത്മിക ശുശ്രൂഷകർ മാത്രമായിരി ക്കണം എന്ന ബൈബിളധിഷ്ഠിത സഭാ പാരമ്പര്യ തിരിച്ചറിവിലേക്ക് മാറ്റപ്പെടേണ്ടത് അനിവാര്യമായിരിക്കുകയാണ്. പക്ഷേ ഈ തിരിച്ചറി വിനും മാറ്റത്തിനും തയ്യാറല്ല എന്നാണ് ഇന്നത്തെ ഇവരുടെ നീക്കങ്ങൾ വിളിച്ചറിയിക്കുന്നത്. തനിക്ക് പൊന്നും വെള്ളിയുമില്ലായെന്ന് പരസ്യമായി പ്രഖ്യാപിച്ച പത്രോസിന്റെ പിൻഗാമികളെന്ന് അവകാശപ്പെടുന്ന മാർപാ പ്പാമാരും അപ്പോസ്തല പിൻഗാമികളായ മെത്രാന്മാരും ഇന്ന് സിംഹാ സനത്തിൽ ഇരുന്ന് കല്പനകൾ പുറപ്പെടുവിക്കുകയും ഭരിക്കുകയും ചെയ്യുന്നു. ഒരുമിച്ച് പഠിച്ച് ഒന്നിച്ച് വൈദികപഠനം പൂർത്തിയാക്കിയവർ ഭാഗ്യകൊണ്ടും സ്വാധീനംകൊണ്ടും സിംഹാസനാരോഹണം ചെയ്ത് സഹവൈദികരിൽനിന്നും മറ്റുള്ളവരിൽനിന്നും ഉന്നതരായി അതുല്യരായി കരുതി സഭയെ ഭരിക്കുന്നു. യേശുവിന്റെ കല്പനകളുടെയും അപ്പോ

സ്തലന്മാരും വി.ബൈബിളും നിർദേശിക്കുന്ന മാനവികതയുടെയും പൂർണമായ ലംഘനമല്ലേ ഈ സിംഹാസനങ്ങളും അധികാരസ്ഥാപന ഭരണവുമെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

ഫ്രാൻസിസ് മാർപാപ്പായുടെ പുരോഗമനപരമായ ചിന്തകൾ ഇന്ന് സഭയിൽ അലയടിക്കുകയാണെങ്കിലും പത്രോസിന്റെ പിൻഗാമികൾക്കു കിട്ടിയ രാജകീയാധികാരത്തിന്റെ വ്യാജസ്രോതസ്സിനെക്കുറിച്ച് അദ്ദേഹം ഒന്നുംതന്നെ പറയുന്നില്ല എന്നുള്ളത് ശ്രദ്ധേയമാണ്. വ്യക്തിപരമായ അദ്ദേഹത്തിന്റെ അഭിപ്രായങ്ങളും നിഗമനങ്ങളും ശരിയായിരിക്കാം. അവയുടെ പിന്നിൽ ഗുഢമായി പ്രവർത്തിക്കുന്നത് മാർപാപ്പായുടെ അപ്രമാദിത്വ സങ്കല്പമാണ്. ഈ അപ്രമാദിത്വ സങ്കല്പം നിരാകരിക്കുന്നതുവരെ മാർപാപ്പാ എന്തു പറഞ്ഞാലും അതിന്ന് സാധൂകരണമായി അപ്രമാദിത്വ സങ്കല്പനത്തെ എടുത്ത് ചൂണ്ടിക്കാണിക്കാനാകും. അതുകൊണ്ട് ആദ്യമായി നിരാകരിക്കേണ്ടത് അപ്രമാദിത്വത്തെക്കുറിച്ചുള്ള ഈ സങ്കല്പനമാണ്.

അഞ്ച് അധികാരസ്ഥാനങ്ങളാണ് പാത്രിയർക്കീസ് സഭയിൽ ഉണ്ടായിരുന്നത്. റോമാ, അന്ത്യോഖ്യാ, കോൺസ്റ്റാന്റിനോപ്പിൾ, ജറൂശലേം, അലക്സാണ്ട്രിയ. ഇതിൽ അന്ത്യോഖ്യൻ പാത്രിയർക്കീസ് പത്രോസിന്റെ പിൻഗാമിയാണെന്ന് അവകാശപ്പെട്ടിരുന്നു. കാരണം പത്രോസ് അന്ത്യോഖ്യയിൽ താമസിച്ചിരുന്നു. മാത്രമല്ല അന്ത്യോഖ്യ ഒരു സഭാകേന്ദ്രവുമായിരുന്നു. അന്ത്യോഖ്യൻ പാത്രിയർക്കീസ് റോമൻ സാമ്രാജ്യത്തിന്റെ കിഴക്കുള്ള സഭകളുടെ തലവനാണെന്ന സങ്കല്പനവും നിലവിലുണ്ടായിരുന്നു. പേർഷ്യൻ സഭയുടെ സ്ഥാപനത്തിലും വളർച്ചയിലും അന്ത്യോഖ്യ അതിപ്രധാനമായ പങ്കുവഹിച്ചിരുന്നു. കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസിന്റെ കീഴിലുണ്ടായിരുന്ന സഭകൾ പേർഷ്യൻ സഭയുൾപ്പെടെ റോമാ സഭയിൽനിന്നും അകന്നതിനു കാരണം ഈ സഭകൾ നെസ്തോറിയൻ ദൈവശാസ്ത്രം സ്വീകരിച്ചു എന്നതാണ്. അന്ത്യോഖ്യ ഏകസ്വഭാവവാദം സ്വീകരിച്ചതിനാലാണ് റോമൻ സഭയുമായി അകന്നത്. ചരിത്രപരമായ ഈ കാരണങ്ങൾ സഭയെ പലതായി ഭിന്നിപ്പിച്ചു. നവോത്ഥാനകാലം വരെ റോമിലെ പാപ്പാ സഭയുടെ തലവനാണെന്നു പാശ്ചാത്യസഭ കരുതുകയും വിശ്വസിക്കുകയും ചെയ്തിരുന്നു, നവോത്ഥാന കാലഘട്ടത്തിൽ സഭ രണ്ടായി പിരിയാനുള്ള കാരണം പത്രോസിന്റെ പാറ (മത്താ. 16 : 19) യെക്കുറിച്ചുള്ള അമിതമായ അവകാശവാദങ്ങളായിരുന്നു. അമിതമായ അവകാശവാദങ്ങൾ മാർപാപ്പാമാരെ ചപലചിത്തരും കൂടുതൽ സുഖസൗകര്യങ്ങളുടെ ഉപാസകരുമാക്കി തീർത്തു.

എഡിറ്റർ **'ഓശാന'**
ഓശാനമൗണ്ട്, ഇടമറ്റം പി.ഒ.
കോട്ടയം - 686 578
മൊബൈൽ : 9447196214

# കുടുംബക്കല്ലറ - താമരശ്ശേരി

താമരശ്ശേരി രൂപതാ മെത്രാൻ മാർ റിമീജിയോസ് ഇഞ്ചനാനിയിൽ അടുത്തയിടെ പുറപ്പെടുവിച്ച കുടുംബക്കല്ലറകളെക്കുറിച്ചുള്ള കൽപന താഴെ കൊടുക്കുന്നു.

*"Order No.312/2015*

***കുടുംബക്കല്ലറകൾ***

*കുടുംബക്കല്ലറകളെക്കുറിച്ച് രൂപതാ നിയമത്തിന്റെ (രൂപതാ നിയമാവലി Art. 505- 513) വ്യവസ്ഥകളോട് താഴെപറയുന്ന വിശദാംശങ്ങൾ കൂട്ടിച്ചേർത്ത് പുതിയ നിയമം നടപ്പിൽ വരുത്തുന്നു.*

*1. കല്ലറ എടുക്കുന്ന ആളെയും അയാളുടെ കുടുംബത്തിൽപ്പെട്ടവരെയും, അടുത്ത ബന്ധുക്കളെയും അടക്കാൻ ഉദ്ദേശിച്ചിട്ടുള്ള കല്ലറകളാണ് കുടുംബക്കല്ലറകൾ.*

*2. കുടുംബക്കല്ലറയുടെ കാലാവധി 50 വർഷമായിരിക്കും.*

*3. ആദ്യത്തെ ആളെ അടക്കുന്ന തീയതി മുതലാണ് കുടുംബക്കല്ലറയുടെ കാലാവധി ആരംഭിക്കുന്നത്.*

*4. 50 വർഷം പൂർത്തിയാകുമ്പോൾ കല്ലറ തുടർന്നും സ്വന്തമാക്കാൻ ആഗ്രഹിക്കുന്നവർ അന്നത്തെ പൊതുയോഗം തീരുമാനിക്കുന്ന കുടുംബക്കല്ലറയുടെ തുക നൽകേണ്ടതാണ്.*

*5. നിലവിലുള്ള കുടുംബക്കല്ലറകളുടെ കാലാവധി ഈ നിയമം നിലവിൽ വരുന്ന തീയതി മുതൽ 50 വർഷത്തേയ്ക്കായിരിക്കും.*

*ഈ നിയമം 2015 സെപ്റ്റംബർ 15-ന് പ്രാബല്യത്തിൽ വരുന്നതാണ്. ഇതിനു വിരുദ്ധമായതൊന്നും നിലനിൽക്കുന്നതല്ല.*

*രൂപതാ കാര്യാലയത്തിൽ നിന്ന് 2015 ആഗസ്റ്റ് 15-ാം തീയതി നല്കപ്പെട്ടത്.*

*മാർ റിമീജിയോസ് ഇഞ്ചനാനിയിൽ*
*താമരശ്ശേരി രൂപതയുടെ മെത്രാൻ*

*ഫാ. എബ്രാഹാം കാവിൽപുരയിടത്തിൽ*
*ചാൻസലർ"*

## കുറിപ്പ്

നമ്മുടെ പള്ളികളുടെ ഒരു മുഖ്യ വരുമാനമാർഗമാണ് കുടുംബക്കല്ലറകൾ. സ്വന്തം മഹത്വം പ്രഖ്യാപിക്കുന്നതിനുവേണ്ടി പല ശുംഭന്മാരും ചെയ്യുന്ന ഒരു പ്രവർത്തിയാണ് കുടുംബക്കല്ലറകൾ വാങ്ങുക എന്നത്.

പുത്തൻ പണക്കാരുടെ കയ്യിൽനിന്നും പണം ഊറ്റിവാങ്ങുന്നതിനുവേണ്ടി മെത്രാന്മാർ കണ്ടുപിടിച്ച ഒരു മാർഗമാണ് കുടുംബക്കല്ലറകൾ. മരിച്ചാലും മറ്റുള്ളവരിൽനിന്നും താൻ കൂടുതൽ കേമനാണെന്ന് തോന്നിക്കുന്നതിനുവേണ്ടി പള്ളിയിൽ കുടുംബക്കല്ലറകൾ വാങ്ങി മഹത്വം പ്രകടിപ്പിക്കുന്നത് ഇന്ന് നമ്മുടെ പള്ളികളിൽ ഒരു പതിവായി തീർന്നിരിക്കുന്നു. പണ്ടൊക്കെ കുടുംബക്കല്ലറകളുടെ ഉപയോഗം പത്തും അമ്പതും കൊല്ലങ്ങൾക്കു മുകളിലായിരുന്നു. ഇപ്പോൾ കാലാവധി ചുരുക്കിക്കൊണ്ടിരിക്കുക മെത്രാന്മാരുടെ ഒരു തമാശയാണ്. ഇതിന് മെത്രാന്മാരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. കുടുംബക്കല്ലറയെന്ന ഈ ലക്ഷ്വറി അവസാനിപ്പിക്കുക എന്നതാണ് ഇതിനുള്ള ഏക പ്രതിവിധി. കുടുംബക്കല്ലറയിൽ കിടക്കണമെന്ന് താല്പര്യമുള്ള ശുംഭന്മാർ അത് ചെയ്യട്ടെ. അതിന് മറ്റുള്ളവരാരും കാശ് മുടക്കുന്നില്ലല്ലോ. സ്വന്തം മഹത്വത്തിനുവേണ്ടി പണംമുടക്കി കാണിക്കുന്ന ഈ ആഡംബരം തരമായിക്കണ്ട് പണം പിരിക്കുന്ന മെത്രാന്മാർ ബഹുബുദ്ധിമാന്മാരാണ്. പണം മുടക്കി കുടുംബക്കല്ലറ വാങ്ങുന്നവർ ശുംഭന്മാരും വിഡ്ഢികളുമാണ്.

കുടുംബക്കല്ലറയുടെ ഗാംഭീര്യം കണ്ട് സ്വർഗത്തിലും ഇതേ സുഖത്തിൽ പരേതൻ ജീവിക്കുമെന്ന് തെറ്റിദ്ധരിക്കുന്നവർ ഈ ശുംഭത്വത്തിന് വഴങ്ങട്ടെ. അതിന് നമുക്ക് ഒന്നും ചെയ്യാനില്ല.

മാർ റിമീജിയോസ് ഇഞ്ചനാനിയ്ക്ക് മരിച്ചവരുടെ ആത്മാക്കളെക്കുറിച്ച് ഒരു താല്പര്യവുമില്ല. വേണ്ടത് പണം മാത്രം. ആദ്ധ്യാത്മികരായ കത്തോലിക്കർ ഇത് മനസ്സിലാക്കണം. ഒരു കിടപ്പാടം പോലും ഇല്ലാതെ മരിച്ച് അന്യന്റെ കല്ലറയിൽ അടക്കപ്പെട്ട യേശുവിന്റെ പേരിലാണ് ഈ കല്ലറ തട്ടിപ്പെന്ന് യേശുവിനെ അറിയുന്നവർ മനസ്സിലാക്കട്ടെ. ഈ കല്ലറ കച്ചവടക്കാർ നാണിക്കട്ടെ! ഫ്രാൻസിസ് മാർപാപ്പാ അല്ല അതിനേക്കാൾ വലിയ മാർപാപ്പാ പറഞ്ഞാലും മെത്രാന്മാരുടെ പണത്തിനുവേണ്ടിയുള്ള ആർത്തി അവസാനിക്കുകയില്ല. കല്ലറകൾ വാങ്ങാനാളില്ലെങ്കിൽ മെത്രാന്മാരുടെ ഈ ആർത്തി തനിയെ അവസാനിച്ചുകൊള്ളും എന്നു മനസ്സിലാക്കുക. ഇവരെ എത്ര ഉപദേശിച്ചാലും അത് ചെവിയില്ലാ ചെവിയിലെ പതിക്കുകയുള്ളൂ. ഫലമുണ്ടാവുകയില്ല.

പതിനായിരങ്ങളുടെ കല്ലറയിൽ കിടക്കണമെന്നുള്ള വ്യാമോഹം അവസാനിപ്പിക്കുക. കത്തോലിക്കാ സഭ ഇപ്പോൾ മൃതദേഹങ്ങൾ ദഹിപ്പിക്കുന്ന ഏർപ്പാട് അനുവദിച്ചിട്ടുണ്ട്. പൗരസ്ത്യ സഭകളുടെ കാനോന 876 :3-ൽ ഇങ്ങനെ കാണുന്നു: "തങ്ങളുടെ ശരീരം ദഹിപ്പിക്കണമെന്ന തീരുമാനമെടുത്തവർ ക്രിസ്തീയ ജീവിതത്തിനു വിരുദ്ധമായ കാരണങ്ങളാലല്ല അങ്ങനെ ചെയ്തതെങ്കിൽ അവർക്ക് സഭാപരമായ മൃതസംസ്കാരം നല്കേണ്ടതാണ്. എങ്കിലും, ദഹിപ്പിക്കുന്നതിനെക്കാൾ സംസ്കരിക്കുന്നതിനാണ് സഭ കൂടുതൽ മുൻഗണന കൊടുക്കുന്നതെന്ന് മൃത

സംസ്കാര ശുശ്രൂഷയിൽ വ്യക്തമാക്കേണ്ടതും ഉതപ്പ് ഒഴിവാക്കേണ്ടതു മാണ്."

പണ്ട് മൃതദേഹം ദഹിപ്പിക്കുന്നത് സഭാവിരുദ്ധമായ ഒരു ഏർപ്പാടാ യിരുന്നു. പ്രത്യേകമായ അനുവാദം ഉണ്ടെങ്കിൽ ഇപ്പോൾ കത്തോലി ക്കന്റെ മൃതദേഹം ദഹിപ്പിക്കാം. എന്റെ ഭാര്യ കൊച്ചുറാണിയുടെ മര ണാനന്തരം മൃതദേഹം വീട്ടുവളപ്പിൽ ദഹിപ്പിക്കുകയായിരുന്നു. ആ മാതൃക ഇന്ന് കഴിയുമെങ്കിൽ തുടരേണ്ടതാണ്. കാസിനോ ഹോട്ടൽ ഉടമ ശ്രീ. ഡോമിനിക് ജോസഫ് കുരുവിനാക്കുന്നേലിന്റെ മൃതദേഹം പ്രത്യേക അനുവാദപ്രകാരം എറണാകുളത്തുള്ള രവിപുരം പൊതുശ്മശാനത്തിൽ ദഹിപ്പിക്കുകയാണുണ്ടായത്. ഇപ്പോൾ മെത്രാസന അനുവാദം കിട്ടുന്ന തിന് അത്ര ബുദ്ധിമുട്ടില്ലെന്നു തോന്നുന്നു.

## എന്റെ കത്ത്

To

ബഹു. മാർ ജോസഫ് കല്ലറങ്ങാട്ട്,
ബിഷപ് ഓഫ് പാലാ രൂപത, പാലാ.

പ്രിയ ബഹു. ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോസഫ് പള്ളി ക്കാപറമ്പിൽ, മാർ ജേക്കബ് മുരിക്കൻ,

സഭാപരമല്ലാത്ത കാരണങ്ങൾകൊണ്ട് എന്റെ മൃതദേഹം ദഹിപ്പി ക്കണമെന്ന് ഞാൻ തീരുമാനിക്കുകയും അതിനായി പുലിക്കുന്നേൽ ഫൗണ്ടേഷൻ എന്ന സംഘടനയെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു. ഫൗണ്ടേഷനിലെ അംഗങ്ങൾ താഴെ പറയുന്നവരാണ്.

ശ്രീ. ജോർജ് മാത്യു മാളിയേക്കൽ, ശ്രീമതി റസീമ ജോർജ്, അഡ്വ അശോക് എം. ചെറിയാൻ, ശ്രീമതി റീനിമ അശോക്, ശ്രീ. രവി ഡീസീ, ശ്രീമതി രതീമ രവി, അഡ്വ കെ. സി. ജോസഫ് കിഴക്കയിൽ, അഡ്വ ജോസ് ടോം പുലിക്കുന്നേൽ, ശ്രീ. മാത്യു തോമസ് പുലിക്കുന്നേൽ താഴ ത്തുവീട്ടിൽ, ജോസ് തങ്കച്ചൻ പുലിക്കുന്നേൽ മൂന്നാംകാലായിൽ

ഈ തീരുമാനത്തിനു വിശ്വാസപരമായ ഒരു കാരണങ്ങളുമില്ല. കത്തോലിക്കനായി ജനിച്ച് കത്തോലിക്കാ സഭയിൽ ജീവിച്ച് വിശ്വാസ പരമായ കാര്യങ്ങൾ കഴിവുള്ളതോളം അനുഷ്ഠിച്ച് ജീവിക്കുകയായിരുന്നു ഞാൻ. സഭാപരമായ പല കാര്യങ്ങളിലും എനിക്ക് എതിർപ്പ് ഉണ്ടായി രുന്നു. ആ എതിർപ്പുകൾ ഞാൻ പരസ്യപ്പെടുത്തുകയും ചെയ്തിരുന്നു. കുടുംബക്കല്ലറയുടെ നിയമവും നമ്മുടെ സഭയുടെ നിയമങ്ങൾക്ക് ചേർന്ന താണെന്ന് ഞാൻ കരുതുന്നില്ല. സഭ എപ്പോഴും അംഗങ്ങളുടെ ആത്മീ യവും ഭൗതികവുമായ നന്മയ്ക്കുവേണ്ടിയുള്ള കാര്യങ്ങൾ കാലാകാല ങ്ങളിൽ ചെയ്യാറുണ്ട്. കാനോൻ നിയമത്തിൽ കുടുംബക്കല്ലറകളെക്കു

റിച്ച് വരുത്തിയ മാറ്റവും ഇത്തരം ഒരു ഭൗതിക-ആദ്ധ്യാത്മിക ലക്ഷ്യത്തിലാണെന്ന് ഞാൻ കാണുന്നു.

മൃതദേഹം ഭൂമിയിൽ സംസ്കരിക്കുക എന്ന ഒരു കീഴ്വഴക്കം നമ്മുടെ സഭയിലുണ്ട്. അത് തിരുത്തപ്പെടേണ്ടതാണെന്നു ഞാൻ കരുതുന്നു. ദരിദ്രനായി ജീവിച്ച് ദരിദ്രനായി മരിച്ച് കടംവാങ്ങിയ കല്ലറയിൽ അന്ത്യവിശ്രമംകൊണ്ട നമ്മുടെ കർത്താവായ ക്രിസ്തുവിന് കുടുംബകല്ലറയുടെ ആവശ്യം ഉണ്ടായിരുന്നില്ലെങ്കിൽ കേവലം ദരിദ്രനും ഒന്നുമല്ലാത്തവനുമായ എനിക്കും അതിൽകൂടുതലായ ബഹുമാന്യത സമൂഹത്തിൽ കിട്ടാൻ അർഹതയില്ല.

സഭയുടെ ഭൗതിക നിയമങ്ങൾ കാലാകാലങ്ങളിൽ മാറ്റപ്പെടേണ്ടതാണ്. നമ്മുടെ മാർപാപ്പാ ഇപ്പോൾ ഈ മാറ്റത്തിനുവേണ്ടിയുള്ള തുടക്കം ആരംഭിച്ചിരിക്കുകയാണ്. സഭ ഒരു രാഷ്ട്രം എന്ന നിലയിൽ നിയമ നിർമ്മാണം നടത്തിവന്ന ഒരു കാലം ഉണ്ടായിരുന്നു. ഇന്നത്തെ കാഴ്ചപ്പാട് സഭ ഒരു രാഷ്ട്രമല്ലെന്നതാണ്. ഒരു ആദ്ധ്യാത്മിക കൂട്ടായ്മയാണ്. നിയമങ്ങൾ നിർമിക്കുന്നതിനുള്ള അധികാരം രാഷ്ട്രത്തിനു മാത്രമേയുള്ളൂ. ഒരു കാലത്ത് സഭ ഒരു രാഷ്ട്രം കൂടി ആയിരുന്നു. പക്ഷേ ഇന്ന് ആ സമീപനം ആകെ മാറിയിരിക്കുന്നു. മതം ഒരു രാഷ്ട്രമെന്ന പൂർവകാലചിന്തയുടെ ഫലമായിരുന്നു സഭയിൽ ഇന്ന് കാണുന്ന കാനോൻ നിയമം. ഈ കാനോൻ നിയമവും കാലത്തിനനുസരിച്ച് മാറേണ്ടതാണെന്ന് ഞാൻ കരുതുന്നു. നിയമങ്ങൾ മാറുമ്പോഴാണ് സമൂഹം മാറുന്നത്. നിയമങ്ങൾ മാറാതെ യാഥാസ്ഥിതികത്വത്തിൽനിന്നും സമൂഹങ്ങൾക്ക് രക്ഷപെടാനാകില്ല. ഒരാളുടെ മൃതദേഹം ഭൂമിയിൽ കുഴിച്ചിടണമോ ദഹിപ്പിക്കണമോ എന്നത് വ്യക്തിപരമായ തീരുമാനങ്ങൾക്കും സമൂഹത്തിലെ സുസ്ഥിതിക്കും അനുസരിച്ച് രാഷ്ട്രം തീരുമാനിക്കേണ്ടതാണ്.

എന്റെ ഭാര്യ കൊച്ചുറാണിയുടെ മൃതദേഹം വീട്ടുവളപ്പിൽ ദഹിപ്പിക്കുകയായിരുന്നു എന്നു പറഞ്ഞല്ലോ. എന്റെ മരണശേഷവും മൃതദേഹം അവിടെതന്നെ ദഹിപ്പിക്കണമെന്നുള്ളതാണ് എന്റെ ആഗ്രഹം. മനുഷ്യൻ ബലഹീനനാണ്. അവൻ തെറ്റുകൾക്ക് വിധേയനാണ്. മനുഷ്യന്റെ തെറ്റുകുറ്റങ്ങൾ ക്ഷമിക്കുന്നതിനാണല്ലോ യേശു മനുഷ്യജന്മമെടുത്ത് പാടുപീഡകൾ സഹിച്ച് മരിച്ചത്.

പൗലോസ് റോമാക്കാർക്ക് എഴുതിയ ലേഖനത്തിൽ ഇങ്ങനെ കാണുന്നു: “തന്റെ വാഗ്ദാനം നിറവേറ്റാൻ ദൈവത്തിനു കഴിയും എന്ന് അയാൾ പൂർണമായി വിശ്വസിച്ചു. അതുകൊണ്ട് അയാളുടെ വിശ്വാസം ‘അയാൾക്കു നീതിയായി കണക്കാക്കപ്പെട്ടു.’ ‘അയാൾക്കു കണക്കാക്കപ്പെട്ടു’ എന്ന വചനം അയാൾക്കുവേണ്ടി മാത്രമല്ല, നമുക്കു വേണ്ടിയും കൂടിയാണ്. മരിച്ചവരിൽനിന്നു നമ്മുടെ കർത്താവായ യേശുവിനെ

ഉയിർപ്പിച്ചവനിൽ വിശ്വസിക്കുന്ന നമുക്കും ഇതു കണക്കാക്കപ്പെടും. യേശു നമ്മുടെ അതിക്രമങ്ങൾ മൂലം വധിക്കപ്പെടുകയും നമ്മുടെ നീതീ കരണത്തിന്നായി ഉയിർപ്പിക്കപ്പെടുകയും ചെയ്തു." (റോമ. 4 : 21-25)

ക്രിസ്തു സംഭവം പഴയ നിയമചട്ടങ്ങളിൽനിന്നും മനുഷ്യ വർഗത്തെ രക്ഷിച്ചിരിക്കുന്നു. അവിടുത്തെ കൃപയാൽ നമ്മുടെ പാപങ്ങൾ വിമോചിക്കപ്പെട്ടിരിക്കുന്നു. പൗലോസ് എബ്രായർക്കെഴുതി: "ആകാശ ങ്ങളിലൂടെ കടന്നുപോയ ഒരു ഉന്നത മഹാപുരോഹിതൻ നമുക്കുണ്ട്: ദൈവപുത്രനായ യേശു. അതുകൊണ്ട് നാം ഏറ്റുപറയുന്ന വിശ്വാസ ത്തിൽ നമുക്ക് ഉറച്ചുനില്ക്കാം. നമ്മുടെ ദൗർബല്യങ്ങളിൽ നമ്മോടു സഹ തപിക്കാൻ കഴിയാത്ത ഒരു മഹാപുരോഹിതനല്ല നമുക്കുള്ളത്. എല്ലാ വിധത്തിലും നമ്മെപ്പോലെതന്നെ പരീക്ഷിക്കപ്പെട്ടവനാണ് അവൻ. എങ്കിലും അവനിൽ പാപമില്ല. അതുകൊണ്ടു നമുക്ക് ഉറപ്പോടെ കൃപ യുടെ സിംഹാസനത്തെ സമീപിക്കാം; അങ്ങനെ നമുക്കു കാരുണ്യം നേടി ആവശ്യ നേരത്തു സഹായത്തിന്നു കൃപ പ്രാപിക്കാം." (എബ്രാ. 4 : 14-16)

"മുമ്പ് അനേകം പുരോഹിതർ ഉണ്ടായിരുന്നു; കാരണം, ആ സ്ഥാനത്തു തുടരാൻ മരണം അവരെ അനുവദിച്ചില്ല. എന്നാൽ യേശു എന്നെന്നും ജീവിക്കുന്നതുകൊണ്ട് അവന്റെ പൗരോഹിത്യം ശാശ്വത മാണ്. തന്മൂലം അവനിലൂടെ ദൈവത്തെ സമീപിക്കുന്നവരെ രക്ഷിക്കാൻ എന്നെന്നും അവന്നു കഴിയുന്നു; അവർക്കു മധ്യസ്ഥത വഹിക്കാൻ എന്നെന്നും അവൻ ജീവിക്കുന്നു." (എബ്രാ. 7 : 23-25)

അവന്റെ രക്ഷാകരമായ പാടുപീഡയിൽ (ബലി) വിശ്വസിക്കുന്ന വർക്ക് പാപത്തിൽനിന്നു വിമോചനം ഉണ്ട് എന്നാണ് ശ്ലീഹന്മാർ പഠിപ്പി ച്ചിരിക്കുന്നത്. ആ വിശ്വാസമുള്ളവർക്ക് കൂദാശയിലൂടെയല്ല മറിച്ച് വിശ്വാ സത്തിലൂടെയാണ്, കൃപയാലാണ് പാപവിമോചനം ലഭിക്കുന്നത്. ആ വിശ്വാസമാണ് ക്രൈസ്തവവിശ്വാസം. ആ വിശ്വാസത്തിന്റെ ഫലം എന്നെന്നും നിലനിൽക്കുന്നതാണ്. കാനോൻ നിയമവും മനുഷ്യകർമ്മ ങ്ങളുമല്ല രക്ഷയ്ക്ക് ആധാരം. ഒരാളുടെ ശരീരം മരണശേഷം എന്തു ചെയ്യുന്നു എന്നതിലല്ല അയാളുടെ പാപമോചനം.

ദൈവം തെരഞ്ഞെടുത്ത യഹൂദ രാജാവായ ശൗലിനെയും പുത്ര ന്മാരെയും മരണശേഷം ദഹിപ്പിക്കുകയായിരുന്നു. *"പിറ്റേന്നു ഫെലിസ്തി യർ മരിച്ചവരെ കൊള്ളയടിക്കാൻ വന്നപ്പോൾ ഗിൽബോവ പർവതത്തിൽ വീണു കിടക്കുന്ന ശൗലിനെയും മൂന്നു പുത്രന്മാരെയും കണ്ടു. അവർ അയാളുടെ തല വെട്ടിമാറ്റി; കവചം അഴിച്ചെടുത്തു. ഫെലിസ്തിയദേശ ത്തെങ്ങും തങ്ങളുടെ വിഗ്രഹങ്ങളെയും ജനങ്ങളെയും ഈ സദ്വാർത്ത അറിയിക്കാൻ അവർ ദൂതരെ അയച്ചു. അയാളുടെ കവചം അവർ അശ്ത്താറോതിന്റെ ആലയത്തിൽ സൂക്ഷിച്ചു. അവർ അയാളുടെ ഉടൽ*

*ബേത്ശന്റെ മതിലിനോടു ബന്ധിച്ചു നിർത്തി. ഫെലിസ്തിയർ ശൗലി നോടു ചെയ്തവയെല്ലാം യാബേശ് ഗിലെയാദിലെ നിവാസികൾ കേട്ടു. അവരിൽ യോദ്ധാക്കളെല്ലാം പുറപ്പെട്ടു രാത്രി മുഴുവൻ സഞ്ചരിച്ച്, ശൗലി ന്റെയും പുത്രന്മാരുടെയും മൃതദേഹങ്ങൾ ബേത്ശന്റെ മതിലിൽനിന്നു കൈവശപ്പെടുത്തി. അവർ യാബേശിൽ എത്തി അവ അവിടെ ദഹിപ്പിച്ചു. അവരുടെ അസ്ഥികൾ എടുത്ത് യാബേശിലെ പിചുലവൃക്ഷത്തിന്റെ ചുവ ട്ടിൽ സംസ്കരിച്ചു; അവർ ഏഴു ദിവസം ഉപവസിക്കയും ചെയ്തു."* ( 1 ശമു. 31 : 8– 13) ഇതിൽനിന്നും മൃതദേഹം ദഹിപ്പിക്കുന്നത് യഹൂദയ പാരമ്പര്യങ്ങൾക്ക് എതിരല്ല എന്ന് മനസ്സിലാക്കാം.

മനുഷ്യപാപം ദൈവത്താൽ ക്ഷമിക്കപ്പെടുന്നതു മനുഷ്യപ്രവർത്തി യാലല്ല. ക്രിസ്തുവിലൂടെ മനുഷ്യവർഗത്തിനു ലഭിച്ച പാപമോചനത്തിലൂ ടെയാണെന്ന് ക്രൈസ്തവർ വിശ്വസിക്കുന്നു. ഇതിൽ മനുഷ്യ കർമങ്ങൾ ഒന്നും തന്നെ ആവശ്യമില്ല. മനുഷ്യകർമങ്ങൾക്ക് പ്രതിഫലമായിട്ടല്ല പാപ മോചനം ലഭിക്കുന്നത്. അത് കൃപയാലാണ്. മനുഷ്യപാപങ്ങളിൽനിന്നുള്ള വിമോചനം മൃതദേഹം എങ്ങനെ സംസ്കരിക്കുന്നു എന്നതിനെ ആശ്ര യിച്ചല്ല. മനുഷ്യകർമങ്ങളെ ആശ്രയിച്ചുമല്ല. മറിച്ച് കൃപയാലാണ്. ആ കൃപയാകട്ടെ മനുഷ്യന്റെ വിശ്വാസത്തിലാണ് ഉറപ്പിച്ചിരിക്കുന്നത്.

●●

## കാൽകഴുകൽ ശുശ്രൂഷ: ഇനി സ്ത്രീകളെയും അക്രൈസ്തവരെയും പങ്കെടുപ്പിക്കാം

വത്തിക്കാൻ സിറ്റി: കത്തോലിക്കാ സഭയിൽ സ്ത്രീകളും അക്രൈസ്തവരും ഉൾപ്പെടെയുള്ളവരെ വിശുദ്ധ വാരത്തിലെ കാൽകഴുകൽ ശുശ്രൂഷയിൽ പങ്കെടുപ്പിക്കാൻ അനുവദിച്ചു വത്തിക്കാൻ കൽപന പുറപ്പെടുവിച്ചു. യേശുക്രിസ്തു 12 ശിഷ്യന്മാ രുടെ കാൽകഴുകിയതിനെ അനുസ്മരിപ്പിക്കുന്ന ശുശ്രൂഷ നടത്തു മ്പോൾ 12 പുരുഷന്മാരെയാണു പങ്കെടുപ്പിച്ചുപോന്നിരുന്നത്. എന്നാൽ സഭയുടെ പരമോന്നത പദവിയിലേക്കു തിരഞ്ഞെടുക്കപ്പെട്ടശേഷം 2013-ൽ റോമിലെ ഒരു ജുവനൈൽ തടങ്കൽ കേന്ദ്രത്തിൽ ഫ്രാൻസിസ് മാർപാപ്പ നടത്തിയ കാൽകഴുകൽ ശുശ്രൂഷയിൽ ക്രൈസ്തവരായ സ്ത്രീകളെയും പുരുഷന്മാരെയും മുസ്ലീംകളെയും ഉൾപ്പെടുത്തിയി രുന്നു. ഇതിന്റെ തുടർച്ചയായാണു സഭയിലാകെ ഈ മാതൃക സ്വീക രിക്കാൻ അനുവദിച്ചുകൊണ്ടുള്ള കൽപന.

(കടപ്പാട് മലയാള മനോരമ 2016 ജനുവരി 23)

# കക്ഷിവഴക്കുകളും കോടതികേസുകളും ഇനി കത്തോലിക്കാ സഭയിൽ!

**ജയിംസ് ഐസക്**

സഭയുടെ ഭാവിയിൽ ഉൽക്കണ്ഠ തോന്നിയ ഒരു സഭാസ്നേഹി എന്റെ ശ്രദ്ധയ്ക്കായി ചില കാര്യങ്ങൾ എഴുതി അറിയിച്ചിരിക്കുന്നു. പേരും അഡ്രസ്സും വയ്ക്കാതിരുന്നതു ഉചിതമായില്ല. സഭയെ സ്നേഹിക്കുന്ന വർ പ്രതികരണത്തിന് ആരെ ഭയപ്പെടണം?

2015 നവംബർ 21-ലെ മാതൃഭൂമി വാർത്തയുടെ ഒരു ഭാഗം ഫോട്ടോ സ്റ്റാറ്റ് ആയി അയച്ചിരിക്കുകയാണ്.

"ആർച്ചു ബിഷപ്പിനെ സാക്ഷിയായി വിസ്തരിച്ചു

തൃശൂർ അതിരൂപതാ മെത്രാപ്പോലീത്താ മാർ ആൻഡ്രൂസ് താഴത്തി നെയും തൃശൂർ രൂപതാ മുൻചാൻസലറും താമരശ്ശേരി രൂപതാ മെത്രാ നുമായിരുന്ന മാർ പോൾ ചിറ്റിലപ്പള്ളിയെയും ഇരിങ്ങാലക്കുട മുൻസി ഫുകോടതി നിയോഗിച്ച അഭിഭാഷക കമ്മീഷൻ വിസ്തരിച്ചു.

സി.എം.ഐ സഭയുടെ തലശ്ശേരി ഉണ്ണിമിശിഹാ ആശ്രമത്തിന്റെ സ്ഥലത്തുള്ള സെമിത്തേരിയിലേക്ക് പ്രവേശിക്കുന്നതിൽനിന്നും ആശ്രമം പ്രിയോരിനെയും അംഗങ്ങളെയും സ്ഥിരമായി വിലക്കണമെന്നാവശ്യപ്പെട്ട് തലോർ ഇടവക നൽകിയ ഹർജിയിലായിരുന്നു വിസ്താരം.

അതിരൂപതാ കാര്യാലയത്തിൽ നടന്ന വിസ്താരം വൈകിട്ട് ആറര യോടെയാണ് പൂർത്തിയായത്.

ഉണ്ണിമിശിഹാ ആശ്രമത്തിൽ സി.എം.ഐ സഭയുടെ കീഴിൽ 33 വർഷ മായി പ്രവർത്തിച്ചിരുന്ന തലോർ ഇടവകയെ 2009 -ൽ അതിരൂപത നേരിട്ടു നടത്തുന്നതിന് ഏറ്റെടുത്തതിനെ തുടർന്നാണ് സെമിത്തേരിയിലേക്കു പ്രവേശിക്കുന്നതിൽനിന്ന് പ്രിയോരിനെയും മറ്റും വിലക്കണമെന്നാവശ്യ പ്പെട്ട് ഇടവക ഹർജി നൽകിയത്." (മാതൃഭൂമി 2015 നവം.21)

ഹർജിയുടെ ഉത്ഭവകേന്ദ്രം അതിരൂപത തന്നെ ആയിരിക്കും. സി.എം. ഐ.സഭയും തൃശൂർ അതിരൂപതയും തമ്മിൽ യുദ്ധം ആരംഭിച്ചുകഴിഞ്ഞു.

കത്തെഴുതിയ ആൾ ചില ചോദ്യങ്ങൾ ഉന്നയിച്ചിരിക്കുന്നു.

1. വി. എവുപ്രാസ്യാമ്മയുടെ പള്ളി തൃശൂർ രൂപത ഏറ്റെടുത്തോ?
2. എറണാകുളത്ത് ഞാറയ്ക്കൽ പള്ളിയും കോൺവെന്റും തമ്മി ലുള്ള കേസ് എന്തായി?
3. ചങ്ങനാശ്ശേരി പാറേൽ പള്ളി ഇടവകയ്ക്കുവിട്ടുകൊടുക്കാതെ അരമനയുടെ നിയന്ത്രണത്തിൽ നിലനിർത്തുന്നു, എന്തിന്?

4. അൽഫോൻസാ തീർഥാടന കേന്ദ്രം പാലാ രൂപതയുടെ നിയന്ത്രണത്തിൽ അല്ലേ?

5. നല്ല നേർച്ച ലഭിക്കുന്ന മലയാറ്റൂർ പള്ളിയുടെ ഭരണം പൂർണമായി എറണാകുളം രൂപതയ്ക്കു വേണം?

6. ഇടപ്പള്ളി പള്ളി എറണാകുളം രൂപതയുടേതാണോ?

കേരള ക്രൈസ്തവ സഭകളിൽ യാക്കോബായ സഭയും ഓർത്തഡോക്സ് സഭയും തമ്മിലായിരുന്നു അധികാരവടംവലിയും കോടതി കേസുകളും. ഇപ്പോൾ ഇതു കത്തോലിക്കാ സഭയിലേക്കു കടന്നിരിക്കുന്നു. മറ്റു ക്രൈസ്തവസഭകൾക്കു ഇനി കത്തോലിക്കാ സഭയോടുള്ള മനോഭാവം എന്തായിരിക്കും?

പണത്തോടുള്ള ആർത്തിയും അധികാരമോഹവും തന്നെ എല്ലാവർക്കും. യേശു പഠിപ്പിച്ച കാരുണ്യവും സാഹോദര്യവും ക്ഷമയും വിട്ടുവീഴ്ചാമനോഭാവവും ഇന്നു കത്തോലിക്കാ സഭയിൽ അപ്രത്യക്ഷമായിരിക്കുന്നുവോ?

ഈ സഭാസ്നേഹിയുടെ ആശങ്കകൾ തികച്ചും യുക്തി ഭദ്രമാണ്. എന്നാൽ കേരള ക്രൈസ്തവ സമൂഹത്തിന്റെ ചരിത്രം പഠിക്കുന്നവർക്ക് അത്ഭുതം തോന്നുന്നില്ല. ചരിത്രം ആവർത്തിക്കുന്നു. അത്രമാത്രം. ക്രിസ്തുവിൽ നിന്നും സുവിശേഷത്തിൽ നിന്നും അകന്നുമാറി പരസ്പരം യുദ്ധം ചെയ്യുന്ന മതതീവ്രവാദികളായി നാം മാറിക്കൊണ്ടിരിക്കുന്നു. ഭവിഷ്യത്തു ഭയാനകമായിരിക്കും. തലോർ കേസിന്റെ വിധിന്യായം എന്തായാലും അതു കത്തോലിക്കാ സഭയുടെ ഇന്നത്തെ അപമാനകരമായ നിലപാടിനുള്ള ശിക്ഷ ആയിരിക്കും.

തലോർ ഇടവകപോലെ നിരവധി ഇടവകകൾ ഒരിക്കൽ സി.എം.ഐ സഭയുടെ നിയന്ത്രണത്തിലായിരുന്നു. മലബാർ കുടിയേറ്റമേഖലകളിലും ഇതുപോലെ ദൈവാലയങ്ങൾ സി.എം.ഐ സഭാ വൈദികർ നിയന്ത്രിച്ചിരുന്നു. പിന്നീടു അധികം ആർത്തികാണിക്കാതെ സി.എം.ഐ സഭ അതാതു രൂപതകൾക്കു അധികാരം കൈമാറി. ഇനി ചില ദേവാലയങ്ങൾ സി.എം.ഐ ഭരണം തുടർന്നാൽ തന്നെയും അതു രൂപതകൾക്കു വരുമാനം കുറയുമെന്ന ചിന്തയിലല്ലേ രൂപതാദ്ധ്യക്ഷന്മാർ വിഭ്രാന്തി കാട്ടുന്നത്? ആത്മാക്കളുടെ രക്ഷയല്ല, വരുമാനത്തിന്റെ വളർച്ചയാണു രൂപതാദ്ധ്യക്ഷന്മാരും ആശ്രമാധികൃതരും ചിന്തിക്കുന്നത്.

നൂറു വർഷം മുമ്പ് മാർ ലവീഞ്ഞ് എന്ന യൂറോപ്യൻ മെത്രാൻ കോട്ടയം വികാരിയാത്തിന്റെ വികാരി അപ്പസ്തോലിക്കാ ആയിരുന്നപ്പോൾ നസ്രാണി ജാതൈക്യ സംഘം എന്ന ഒരു പ്രസ്ഥാനം ഉണ്ടായിരുന്നു. പുത്തൻകൂർ വിഭാഗത്തിൽപെട്ട ഏതാനും പുരോഹിതരും കത്തോലിക്കാ സഭയിലെ നിധിയിരിക്കൽ മാണിക്കത്തനാരും കെ. സി. മാമ്മൻമാ

പ്പിള തുടങ്ങി പ്രശസ്തരായ അത്മായരും ഒന്നിച്ചു പ്രവർത്തിച്ചു. പുത്തൻകൂർ വിഭാഗത്തിന്റെ കക്ഷി വഴക്കുകൾ ശക്തമായി തുടർന്നിരുന്ന കാലം. തുടർച്ചയായി പരാജയം നേരിട്ടിരുന്ന മെത്രാൻ കക്ഷി സുപ്രീം കോടതിയിൽ വീണ്ടും പരാജയം നേരിട്ടാൽ ഒന്നടങ്കം കത്തോലിക്കാ സഭയിൽ ചേരാമെന്നു തീരുമാനിച്ചിരുന്നു. ഇതിനായുള്ള എഴുത്തുകുത്തുകൾ നടത്തുവാൻ മാർ ഇവാനിയോസ് നിയോഗിതനായിരുന്നു. കത്തോലിക്കരും പുത്തൻകൂറ്റുകാരും ഒന്നിച്ചു താമസിച്ചു പ്രവർത്തിക്കുവാൻ ഒരു ബംഗ്ലാവ് (മലയാളമനോരമ തോപ്പ്) ജാതൈക്യ സംഘം കോട്ടയത്തു വാങ്ങിയിരുന്നു. സുപ്രീം കോടതി വിധി മെത്രാൻ കക്ഷിക്ക് അനുകൂലമായപ്പോൾ പുനരൈക്യ ആലോചന അവസാനിച്ചു. പുത്തൻകൂറ്റുകാരായ പുരോഹിതർ തങ്ങളുടെ ഭാര്യമാരോടൊപ്പം ജാതൈക്യ സംഘത്തിന്റെ മന്ദിരത്തിൽ താമസിക്കാൻ തയ്യാറായി. കത്തോലിക്കർക്കും കൂടി അവകാശപ്പെട്ട കെട്ടിടവും ഭൂമിയും വെറുതേ വിട്ടുകൊടുക്കാനാവില്ല എന്നു ചിലർ മാർ ലവീഞ്ഞിനോടു പരാതിപ്പെട്ടു. എന്നാൽ മാർ ലവീഞ്ഞ് കൽപിച്ചത് യാതൊരു കേസിനും കത്തോലിക്കാ വിഭാഗം ഒരുക്കമല്ല, എല്ലാ കത്തോലിക്കാ വൈദികരും കോട്ടയം ഇടയ്ക്കാട്ടു പള്ളി മന്ദിരത്തിലേക്കു താമസം മാറ്റുക എന്നുമായിരുന്നു.

Never Believe a Kottayam Christian എന്നൊരു ചൊല്ല് ഈശോസഭാ വൈദികരുടെ ഇടയിൽ ഉണ്ടായതിന്റെ പശ്ചാത്തലം ഇതായിരുന്നു.

മാർ ലവീഞ്ഞിനെപ്പോലെ കർമ്മധീരരായ ബിഷപ്പുമാർ ഇന്നു കേരള കത്തോലിക്കാ സഭയിൽ ഇല്ല. അതിനാൽ കക്ഷിവഴക്കുകളും കോടതി കേസുകളും ഉണ്ടായിക്കൊണ്ടിരിക്കും.

മാന്നാനം സി.എം.ഐ ആശ്രമത്തോടനുബന്ധിച്ചു സെന്റ് ജോസഫ്സ് ഇടവക പ്രവർത്തിക്കുന്നു. അംഗങ്ങൾ എല്ലാവരും ദളിത് ക്രൈസ്തവരാണ്. ചങ്ങനാശ്ശേരിക്ക് ഇവരെ ഉൾക്കൊള്ളാൻ താല്പര്യമില്ല. ഇന്നും കുടമാളൂർ ഇടവകയിൽ തുടരുന്ന മാന്നാനത്തെ പാരമ്പര്യ കത്തോലിക്കർക്കുവേണ്ടി കുരിശുപള്ളി തുടങ്ങാൻ രൂപത സ്ഥലം വാങ്ങിയിരിക്കുന്നു! ദളിതരെ ആർക്കുവേണം?

ഫാ. പ്ലാസിഡ് പൊടിപാറ കബറടങ്ങിയിരിക്കുന്ന ചെത്തിപ്പുഴ ആശ്രമ ദേവാലയം വലിയൊരു ഇടവകയാണ്. പക്ഷേ ചങ്ങനാശ്ശേരിയുടെ ലിറ്റർജി നിയമങ്ങൾ ഇവിടെ പാലിക്കപ്പെടുന്നില്ല. ഇടവകയെ രൂപതയുടെ നേരിട്ടുള്ള നിയന്ത്രണത്തിലാക്കാൻ ആഗ്രഹമുണ്ട്. പക്ഷേ മാർഗം കാണുന്നില്ല.

പുതുപ്പള്ളിയിൽ സി.എം.ഐ സഭയുടെ റബ്ബർതോട്ടങ്ങൾക്കു നടുവിൽ ഒരു ദേവാലയം. ഇതും ഇന്ന് ഒരു ഇടവകയാണ്. നിയന്ത്രണം സി.എം.ഐ സഭയ്ക്ക്.

ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി എന്നീ രൂപതകളിൽ അനേകം ഇടവകകൾ സി.എം.ഐ സഭയുടെ ഭരണത്തിലാണ്. തലോർ കേസിന്റെ

ഭാവി അനുസരിച്ചായിരിക്കും ഈ ഇടവകകളും രൂപതകളും തമ്മിലുള്ള ബന്ധം നിശ്ചയിക്കുക.

കോട്ടയം ടൗണിൽ ദീപിക കെട്ടിടത്തിനു സമീപം സി.എം.ഐ.. പ്രൊവിൻഷ്യാൾ ഹൗസ് ചാപ്പലിൽ ഞായറാഴ്ച തോറും മൂന്നൂറോളം പേർ വിശുദ്ധകൂർബാനയ്ക്കു വരുന്നു. ഇവരുടെ സ്തോത്രക്കാഴ്ച രൂപതയ്ക്കു കിട്ടുന്നില്ല. കോട്ടയം ലൂർദ്ദു ഫൊറോനായ്ക്കും നഷ്ടംതന്നെ.

പാറേൽ പള്ളി സ്വതന്ത്ര ഇടവകയാണെങ്കിലും മാതാവിന്റെ പേരിൽ കിട്ടുന്ന നേർച്ചപ്പണം മുഴുവൻ രൂപതയ്ക്ക്. വീണ്ടും 45 കോടിമുടക്കി ബ്രഹ്മാണ്ഡ ദേവാലയം!

കേരള സഭയെ അടക്കി ഭരിക്കാൻ പാശ്ചാത്യർ കാണിച്ച താൽപര്യം ഭൗതിക നേട്ടത്തിനായിരുന്നു. ഇന്നു രൂപതാദ്ധ്യക്ഷന്മാരും സന്യാസ സഭകളും തമ്മിലായിരിക്കുന്നു യുദ്ധം. നടക്കട്ടെ, ഭാവി ദൈവം കാണിച്ചു തരും.

## കൗതുക വാർത്തകൾ - ഒരു പീഡന കഥ

ചങ്ങനാശ്ശേരി അതിരൂപതയുടെ വികാരി ജനറാൾ ഫാ. മാണി പുതിയിടം ഇന്നു ദീപികയുടെ മാനേജിംഗ് ഡയറക്ടർ ആണ്. ഇനി കേരളത്തിലെ ഏറ്റം വലിയ പത്രമായി ദീപിക ഉയരാൻ സാധ്യതയുണ്ട്.

കുടമാളൂർ പള്ളിയിൽ ദീപികയെക്കുറിച്ചു സംസാരിക്കാൻ രണ്ടു വൈദികർ വന്നു. ഒരു ഞായറാഴ്ച കുർബാനകഴിഞ്ഞ് വികാരിയുടെ പ്രത്യേക അഭ്യർഥന പ്രകാരം ദീപികയ്ക്കുവേണ്ടി ഒരു യോഗം നടന്നു. ആകെ നാലുപേർ സംബന്ധിച്ചു.

വികാരി വിട്ടു കൊടുത്തില്ല. രണ്ടാഴ്ച കഴിഞ്ഞു വീണ്ടും ജനത്തോടു സംസാരിക്കാൻ ദീപികയിൽ നിന്നു പുരോഹിതർ എത്തി. മാനേജിംഗ് ഡയറക്ടറുടെ പ്രത്യേക ബുദ്ധിയാണു പ്രവർത്തിച്ചത്. കുർബാനയിലെ സുവിശേഷ വായന കഴിഞ്ഞ് ദീപികയ്ക്കുവേണ്ടിയുള്ള പ്രഭാഷണം ആരംഭിച്ചു. രണ്ടായിരത്തിലധികം കുടുംബങ്ങളുള്ള ഇടവകയിൽ ദീപിക വായിക്കുന്നവർ വെറും 46 പേർ മാത്രമാണെന്ന് ആദ്യമേ അറിയിച്ചു. ആത്മരക്ഷ തന്നെ അപകടമായിരിക്കുന്ന അവസ്ഥ! ജനം ഉയരണം. നല്ല കത്തോലിക്കരാകണം. കൂടാതെ കത്തോലിക്കർ രാജ്യത്തു പ്രമുഖ ശക്തിയായി തീരണം. അതിനായി ദീപിക ഏവരും നിർബന്ധമായി വായിക്കണം.

പീഡാനുഭവ പ്രദർശനവും നഗരികാണിക്കലും ധ്യാന പ്രസംഗങ്ങളും പരിചയമുള്ള കുടമാളൂർ ഇടവകക്കാർക്കു മറ്റൊരു പീഡാനുഭവമായിരുന്നു ഒരു മണിക്കൂറിൽ അധികം നീണ്ടു നിന്ന ദീപിക പ്രസംഗം.

ഞായറാഴ്ച വിശുദ്ധകുർബാനയ്ക്കു വരുന്നവർ സുവിശേഷം കേൾക്കുവാനും പ്രഭാഷണം ശ്രദ്ധിക്കുവാനും താൽപര്യപ്പെടുന്നവരാണ്. എന്നാൽ ഒരു കോമേഴ്സിയൽ പത്രത്തിന്റെ പ്രചരണത്തിനായി വില

യേറിയ സമയം പാഴാക്കുവാൻ അവർ താൽപര്യപ്പെടുകയില്ല. എന്തു ചെയ്യാം. നമ്മുടെ പുരോഹിതവർഗം തങ്ങൾക്കു കിട്ടുന്ന എല്ലാ അവസരങ്ങളും ധനസമാഹരണത്തിനായി വിനിയോഗിക്കാനാണു താൽപര്യപ്പെടുന്നത്. ക്രിസ്തുവിന്റെ കാലഘട്ടത്തിൽ ജറുസലേമിലെ പുരോഹിതരും ഇതു തന്നെയാണു ചെയ്തത്. കന്നുകാലികളെയും പ്രാവുകളെയും ദേവാലയത്തിൽ കൊണ്ടുവന്നു വിൽപന നടത്താൻ അവർ കച്ചവടക്കാരെ അനുവദിച്ചു. നാണയ കൈമാറ്റക്കാരെയും വിളിച്ചു വരുത്തി ബിസിനസ്സു നടത്തി. ഈ രംഗമാണു യേശുവിനെ ചൊടിപ്പിച്ചത്. കള്ളന്മാരുടെ ഗുഹയാക്കി മാറ്റാൻ തന്റെ പിതാവിന്റെ ഭവനം വിട്ടു കൊടുത്തവർക്കെതിരെ ചാട്ടവാർ പ്രയോഗിച്ചു.

ദീപിക കത്തോലിക്കരുടെ പത്രമാണെങ്കിൽ പ്രവൃത്തിയിലൂടെ കാണിക്കട്ടെ. നീതിബോധമില്ലാത്ത രാഷ്ട്രീയക്കാർക്കെതിരെ ശബ്ദിക്കാൻ ദീപികയുടെ സാരഥികൾക്കു ധൈര്യമുണ്ടോ? അഴിമതി ആരോപണങ്ങൾക്കു വിധേയരായവർ കത്തോലിക്കരാണെങ്കിൽ നിരുപാധികം പിൻതാങ്ങുന്ന നയമാണോ ദീപികയുടേതെന്നു കാണാൻ കാത്തിരിക്കുന്നു.

ദീപികയുടെ കോപ്പികൾ പള്ളിയുടെ മോണ്ടളത്തിൽ കുറെ അടുക്കി വച്ചിരുന്നു. ആരും എടുക്കുന്നതായി കണ്ടില്ല.

## അനുബന്ധം

ഫാ. മാണി പുതിയിടം അതിരംപുഴ ഫൊറോനായിലും ഫാ. ജോർജ് കൂടത്തിൽ കുടമാളൂരും വികാരിമാരായിരുന്നപ്പോൾ 'സിറ്റി ന്യൂസ്' എന്നൊരു പത്രം ചില ഞായറാഴ്ചകളിൽ പള്ളിയുടെ മോണ്ടളത്തിൽ കാണാറുണ്ടായിരുന്നു. പുതിയിടവും കൂടത്തിലും മണിമല പള്ളി വികാരിയും രക്ഷാധികാരികളായി പ്രസിദ്ധീകരിച്ച പ്രസ്തുത പത്രത്തിലെ പരസ്യങ്ങൾ ശുദ്ധ തട്ടിപ്പു പരസ്യങ്ങളായിരുന്നു. ബാംഗ്ളൂരും ഹൈദരാബാദിലും പ്രവർത്തിക്കുന്ന നഴ്സിംഗ് കോളേജുകൾക്കും പോളിടെക്നിക്കുകൾക്കും വേണ്ടി വിദ്യാർഥികളെ പിടിച്ചെടുക്കാൻ വേണ്ടിയുള്ള പരസ്യങ്ങൾ ചില വൈദികരെ ഏജന്റുമാരാക്കി അവതരിപ്പിച്ചിരുന്നു. ചങ്ങനാശ്ശേരി, പാലാ , കാഞ്ഞിരപ്പള്ളി എന്നീ രൂപതകളിലെ പള്ളികളുടെ ചരിത്രവും ഫോട്ടോയും ആർട്ടുപേപ്പറിൽ ആകർഷകമായി അച്ചടിച്ചിരുന്നു.

പത്രം സൗജന്യമായി പള്ളി പരിസരത്തിൽ വിതരണം ചെയ്തിരുന്നു. എങ്കിലും പത്രം പ്രചരിപ്പിക്കുന്നവർക്ക് ആകർഷണീയമായ പ്രതിഫലം വാഗ്ദാനം ചെയ്തിരുന്നു.

സിറ്റി ന്യൂസ് ഇപ്പോഴുമുണ്ടോ എന്നറിവില്ല. എന്തായാലും രക്ഷാധികാരി ആയിരുന്ന ഫാ. മാണി പുതിയിടം ഇന്നു ദീപികയുടെ മാനേജിംഗ് ഡയറക്ടർ ആണ്. ദീപിക രക്ഷപെടും തീർച്ച.

□□

# സഭയിലെ സ്ത്രീ ആത്മീയത

**മാത്തുക്കുട്ടി തകടിയേൽ**

ആത്മീയത എന്നത് പല തരത്തിൽ നിർവ്വചിക്കുകയും, വിശദീകരിക്കുകയും ചെയ്യാറുണ്ട്. സ്വാർത്ഥതയില്ലാതെ സഹജീവിസ്നേഹം പ്രകടമാക്കുന്ന ചെയ്തികളൊക്കെ ആത്മീയതയായിട്ടു കണക്കാക്കാം എന്നാണ് പ്രത്യേകിച്ചും മതാതീത ചിന്തകർ വിശദീകരിക്കുന്നത്. എന്നാൽ സാമാന്യമായി ചിന്തിക്കുന്നവർ, ആത്മീയത എന്നത് മതങ്ങളുമായി ബന്ധപ്പെടുത്തിയാണ് വ്യവഹരിക്കപ്പെടുന്നത്. പരമ്പരാഗത സമൂഹങ്ങളിൽ ജീവിതത്തിന്റെ എല്ലാ രംഗങ്ങളെയും നിയന്ത്രിച്ചിരുന്ന വിശുദ്ധ ഗ്രന്ഥങ്ങളിലെ വചനങ്ങളെയും, അവ ജീവിതത്തിലേക്കു പകർത്തിയ ആചാരാനുഷ്ഠാനങ്ങളെയും ആത്മീയതയായിട്ടു കണക്കാക്കുന്നു.

ലോകത്ത് പല മതങ്ങളും, ഓരോ മതങ്ങൾക്കും പ്രത്യേകം പ്രത്യേകം ദൈവ സങ്കൽപ്പങ്ങളുമാണുള്ളത്. പുരാതന യഹൂദരുടെ യഹോവയും, യഹൂദ മതത്തിന്റെ തന്നെ പിൻതുടർച്ചയായ ക്രിസ്തു മതത്തിലെ ദൈവപുത്രനായ യേശു ക്രിസ്തുവും, മുഹമ്മദുമതത്തിലെ അള്ളാഹുവും, പ്രവാചകനായ മുഹമ്മദു നബിയും, ഗ്രീക്കുകാരുടെ സൂര്യദേവനും, ബാബിലോണിലെ താമൂസും, റോമാക്കാരുടെ ജൂപ്പിറ്ററും, സുമേറിയാക്കാരുടെ ഡുമുസും യവന പുരാണത്തിലെ തിയോസുമെല്ലാം പുരുഷ ദൈവങ്ങളാണ്. ഭാരതീയ ഹൈന്ദവമതത്തിലെ പുരുഷ ദൈവ സങ്കൽപ്പമായ ബ്രഹ്മാവിനോടൊപ്പം തന്നെ അർദ്ധനാരീശ്വര സങ്കൽപ്പങ്ങളുമുണ്ട്.

ഭീകരവും, ഭയാനകവുമായ പ്രകൃതി ക്ഷോഭങ്ങളെ നേരിടാൻ പറ്റാതെ വന്നപ്പോൾ ആദിമമനുഷ്യൻ അവയെ ഭയപ്പെട്ടു. അതിൽ നിന്നും രക്ഷ നേടുവാൻ അവയെ പ്രീണിപ്പിക്കുവാനുള്ള ചിന്ത വന്നു. കീഴ്പ്പെടുത്തുവാൻ പറ്റാത്തതിനെ ദൈവമായി സങ്കൽപ്പിച്ചു, പ്രീണിപ്പിച്ചു, ആരാധിച്ചു. ഇവിടെ ദൈവം ശക്തിയാണ്. അഭയമാണ്. ബലധർമനീതിയുടെ അടിസ്ഥാനത്തിൽ കായികമായി പുരുഷൻ സ്ത്രീയെ തോൽപ്പിക്കുന്നു. ഈ ബലധർമനീതി ശാസ്ത്രമായിരിക്കണം ദൈവത്തിന് പുരുഷ സങ്കൽപ്പം കൊടുത്തത്.

മതങ്ങളൊന്നും തന്നെ സ്ത്രീകളോട് നീതി കാണിക്കുന്നില്ല. ഭർത്താവിന്റെ ചിതയിലേക്ക് നിരാലംബയായ വിധവയെ തള്ളിയിട്ട് ചുട്ടുകരിച്ച് മതാചാരങ്ങൾ കാത്തു സൂക്ഷിക്കുന്ന ഒരു മത നിയമം അടുത്ത നാളുവരെ ഹൈന്ദവമതത്തിനുണ്ടായിരുന്നു. ഭാര്യ മരിച്ചാൽ ഭർത്താവായ പുരുഷൻ ചിതയിൽ ചാടുന്നില്ല. മരിക്കുന്നില്ല. ഒരു പൊള്ളലുപോലും ഏൽക്കുന്നില്ല. വീണ്ടും വിവാഹിതനായി സുഖ ജീവിതം തുടരുന്നു.

ബ്രാഹ്മണർക്കു വേണ്ടി സ്ത്രീകളെ ലൈംഗികമായി ചൂഷണം ചെയ്യുന്നതിന് ദേവദാസി സമ്പ്രദായം ക്ഷേത്രത്തോടനുബന്ധിച്ച് നടപ്പാക്കിയിരുന്നു. സ്ത്രീ പുരുഷ സംയോഗ രീതികളിലൂടെ ദൈവത്തെ പ്രസാദിപ്പിക്കാമെന്ന ഒരു തിയോളജി ഉണ്ടാക്കിയെടുക്കുകയും ചെയ്തു. സവർണരുടെ കാഴ്ച സുഖത്തിനു വേണ്ടി അവർണ സ്ത്രീകൾ മാറു മറയ്ക്കാതെ നടക്കണമെന്ന ഒരാചാരക്രമവും ഹൈന്ദവപുരുഷ മേധാവിത്വം കണ്ടുപിടിച്ചു നടപ്പാക്കി.

ഇസ്ലാം മതത്തിൽ പ്രവാചകന്റെ കാലത്ത് സ്ത്രീകളോടു കാണിച്ച അവഗണനകളും ക്രൂരതകളും മറക്കാം. എന്നാൽ ഇവിടെ ഇന്നും സ്ത്രീകൾ സുരക്ഷിതരല്ല. ഈശ്വരാരാധന നടത്തുന്നതിനു പോലും അവർക്ക് ദേവാലയങ്ങളിൽ പ്രവേശനം നിഷേധിക്കുന്നു. അപ്പോൾ ഇതേപോലുള്ള അവഗണനയുടെ കാര്യങ്ങൾ പറയേണ്ടതില്ലല്ലോ? ഒന്നോ രണ്ടോ മൊഴികൾ മാത്രം ചൊല്ലി ലാഘവമായി വിവാഹമോചനം നേടി ഭാര്യമാരെ ഒഴിവാക്കുവാനുള്ള ക്രൂരമായ ആനുകൂല്യം ഇന്നും പുരുഷന്മാർക്കുണ്ട്. മൊഴി ചൊല്ലിയ ഭർത്താക്കന്മാർ വീണ്ടും വിവാഹിതരായി സുഖ ജീവിതം നയിക്കുന്നു. മൊഴി ചൊല്ലപ്പെട്ട സ്ത്രീയുടെ ജീവനാംശ പ്രശ്നങ്ങൾക്ക് ഇന്നും ഇവിടെ പരിഹാരമായിട്ടില്ല. ഉദാഹരണത്തിന് ഷാബാനുബീഗം എന്ന 69 കാരിക്ക് തന്നെ ഉപേക്ഷിച്ച ഭർത്താവിൽ നിന്നും കിട്ടേണ്ട ജീവനാംശത്തിനുവേണ്ടിയുള്ള നിയമ പോരാട്ടത്തിൽ സുപ്രീം കോടതിയിൽ നിന്നും അനുകൂലവിധി കിട്ടിയതായിരുന്നു. എന്നാൽ ഈ വിധിയനുസരിച്ച് ഷാബാനു ബീഗത്തിന് നീതി നടപ്പാക്കി കൊടുക്കുവാൻ ഈ മഹാരാജ്യ ത്തിലെ എക്സിക്യൂട്ടീവ് സംവിധാനത്തിനു പറ്റാതെ വന്നു. ഈ വിധി ന്യായത്തിനെതിരെ ഇവിടുത്തെ പുരുഷ മതമേധാവികളും അനുയായി കളും ഇളകി മറിഞ്ഞു. സർക്കാർ ഇവർക്കുവേണ്ടി മുട്ടുമടക്കി. ഈ രാജ്യ ത്തിലെ പരമോന്നത നീതിപീഠത്തിന്റെ വിധിന്യായത്തിന് ഒരു വിലയു മില്ലാതായിപ്പോയി. ജീവനാംശം കൊടുക്കണമെന്ന വിധി മറികടക്കുവാൻ ഭരണഘടനാഭേദഗതി വരെ നടത്തിയവരാണ് (മുസ്ലിം വനിതാബിൽ) ഭരണാധികാരികളും ഭരണസംവിധാനവും. ഇവിടെ സെക്യുലറിസവും നിയമവാഴ്ചയും പരാജയപ്പെട്ടിടത്ത് സ്ത്രീവിരുദ്ധ പുരുഷാധിപത്യ മതനിയമം വിജയിച്ചു.

സ്ത്രീ പുരുഷ സമത്വ ദർശനമായിരുന്നു യേശുവിന്റേത്. യേശു ഏറെ അംഗീകരിക്കുകയും, യേശുവിനെ ഏറെ മനസ്സിലാക്കുകയും ചെയ്ത ബൈബിളിലെ ഒരു പ്രധാന കഥാപാത്രമാണ് മഗ്ദലനമറിയം. യേശു പടയാളികളാലും പുരോഹിതരാലും പിടിക്കപ്പെട്ടപ്പോൾ യേശുവിനെ അറിയുകപോലുമില്ലെന്നു പറഞ്ഞ് ചിതറി ഓടിയവരായിരുന്നു ശിഷ്യന്മാർ. എന്നാൽ യേശുവിന്റെ പീഢാനുഭവ അവസരങ്ങളിൽ ഇഞ്ചോടിഞ്ച് അനുഗമിച്ചവളാണ് മറിയം. ഉയിർത്തെണീറ്റ യേശു ആദ്യമായി ദർശനം നൽകിയതും മറിയത്തിനാണ്. അതിനുശേഷമാണ് 500

പേർക്ക് ദർശനം നൽകിയത്. തന്റെ മാതാവിനുപോലും. ഇതുപോലെ സുവിശേഷത്തിലെ ഏറ്റവും തിളക്കമാർന്ന കഥാപാത്രമാണെന്നറിഞ്ഞിട്ടു പോലും എ.ഡി. 590-ൽ ഗ്രിഗറി മാർപാപ്പാ തന്റെ പള്ളി പ്രസംഗത്തിൽ മഗ്ദലന വേശ്യയായിരുന്നു എന്ന് പ്രഖ്യാപിച്ചു. അന്നു മുതൽ സഭ ഇതേ റ്റുപിടിച്ചു. അന്നുമുതൽ 1969-ൽ സഭ ഇത് തിരുത്തി പറയുന്നതുവരെ മഗ്ദലനമറിയം വേശ്യാത്തെരുവിൽ അവഹേളിക്കപ്പെടുകയായിരുന്നു. (ലൂക്കായുടെ സുവിശേഷത്തിൽ പറയുന്ന പാപിനിയും മറിയവും രണ്ടാണ്.) ഒരു പെൺപ്രജയായ മറിയത്തിന്റെ തിളക്കമാർന്ന വ്യക്തി ത്വത്തിനെ ഇടിച്ചിരുത്താനായിരുന്നോ ഈ പുരുഷ കേന്ദ്രീകൃത പ്രഖ്യാ പനമെന്നു സംശയിക്കേണ്ടിയിരിക്കുന്നു. കാരണം മറിയത്തിന്റെ പ്രഭാവ ത്തിനെതിരെ ശിഷ്യന്മാരിൽ ചിലരെങ്കിലും അസൂയപ്പെട്ടിരുന്നു. ഇന്ന് വൈദീകർ അറിഞ്ഞോ, അറിയാതെയോ പാപിനിയായ മറിയം എന്ന് സംബോധന ചെയ്ത് പള്ളി പ്രസംഗങ്ങൾ നടത്തുന്നുണ്ട്. സഭാ നേ തൃത്വം ഇതൊക്കെ തിരുത്തേണ്ടതാണ്.

ഇതേപോലെ യേശുവിന്റെ കാലത്തുതന്നെ തിളക്കമാർന്ന ഏറെ സ്ത്രീ കഥാപാത്രങ്ങൾ ഉണ്ടായിരുന്നു. ശിഷ്യരോടൊപ്പം പല സ്ത്രീ കളും ഉണ്ടായിരുന്നു. എന്നാൽ ശിഷ്യരുടെ കൂട്ടത്തിൽ അവർക്ക് സ്ഥാനമുണ്ടായിരുന്നില്ല. (ലൂക്കാ-1-13) സ്ത്രീകളെ പുറം തള്ളുവാൻ അന്നേ സഭ തുടങ്ങിയിരുന്നു. ഇന്നും ഇതൊക്കെ തുടരുകയാണ്. അങ്ങ് സഭയുടെ പരമാധികാരിയായ മാർപാപ്പ മുതൽ ഇങ്ങ് ഇടവക വികാരിവരെയുള്ള ഹൈരാർക്കി സിസ്റ്റത്തിൽ അതിന്റെ അധികാരശൃംഖ ലയുടെ ഒരു ചെറിയ കണ്ണിയാകുവാൻപോലും കത്തോലിക്കാ സ്ത്രീ കൾക്ക് കഴിഞ്ഞിട്ടില്ല. സ്ത്രീകൾക്ക് ഇവിടെ അവകാശമില്ല, അവസ രങ്ങളില്ല, അംഗീകാരമില്ല. ഇതൊക്കെ യേശുവിന്റെ സന്ദേശങ്ങൾക്ക് വിരുദ്ധമാണെന്നോർക്കണം.

15-ാം നൂറ്റാണ്ടിൽ കത്തോലിക്കാ സഭയിലെ വിദ്യാസമ്പന്നരും, പ്രതിഭാശാലികളും, ശാസ്ത്രജ്ഞരും, സ്വതന്ത്രചിന്താഗതിക്കാരുമായ നൂറു കണക്കിന് സ്ത്രീകളെ ദുർമന്ത്രവാദിനികൾ (WITCH) എന്നു മുദ്രകുത്തി ചുട്ടുകരിച്ചു കൊന്നിരുന്ന ഒരു ഭൂതകാലം സഭയ്ക്കുണ്ടായിരു ന്നല്ലോ? 19 വയസ്സുമാത്രം പ്രായമുണ്ടായിരുന്ന ജൊവാൻ ഓഫ് ആർക്ക് എന്ന ഫ്രഞ്ചുകാരി പെൺകുട്ടിയെ ഫ്രാൻസിലെ തന്നെ പ്രസിദ്ധമായ ഒരു ചന്തയിൽ വിറകടുക്കി പരസ്യമായി തീയിട്ട് ചുട്ടുകൊന്നു. ഇവിടെ ഒരു കാര്യമോർക്കണം. അന്നത്തെ ആ പെൺകുട്ടി ഇന്ന് കത്തോലിക്കാ സഭയുടെ വിശുദ്ധയാണ്. അന്ന് വിശുദ്ധയായ ഒരു കുട്ടിയെ ദുർമന്ത്ര വാദിനിയാക്കിയ സഭയുടെ ദൈവശാസ്ത്രം എന്താണ് ? അപ്രമാദിത്വം എന്നും തെറ്റാവരമെന്നും പറയുന്നതിനെന്താണർത്ഥം. ഗണിതശാ സ്ത്രജ്ഞയായ ഹൈപേഷ്യയെ സിറിൾ മാർപാപ്പയുടെ കിങ്കരന്മാരെ ക്കൊണ്ട് വെട്ടിക്കൊലപ്പെടുത്തി. ഇവിടെ സ്ത്രീകളൊന്നും ഉയരാൻ

പാടില്ല. എന്തുകൊണ്ട് പുരുഷ ദുർമന്ത്രവാദികളെ ചുട്ടുകൊന്നില്ല? മന്ത്രവാദികൾ കൂടുതലും പുരുഷന്മാരാണല്ലോ?

വി.പൗലോസ് ക്രൈസ്തവ ആശയങ്ങളിൽ തന്റെ സ്വന്തം ആശയങ്ങളും ഗ്രീക്ക് തത്വശാസ്ത്രങ്ങളും കൂട്ടിക്കലർത്തിയിരുന്നു. ഇതൊക്കെ ഇന്നും സഭയിൽ തുടരുകയാണ്. ഇതൊക്കെ പലപ്പോഴും യേശുവിന്റെ ദർശനങ്ങളുമായി ഒരിക്കലും പൊരുത്തപ്പെടുന്നതുമായിരുന്നില്ല. ഇതിനൊരുദാഹരണമാണ് സ്ത്രീകളുടെ ആത്മീയവും ഭൗതീകവുമായ വിഷയങ്ങളെ സംബന്ധിച്ച കാഴ്ചപ്പാടുകൾ. വി. പൗലോസ് തികച്ചും ഒരു സ്ത്രീ വിദ്വേഷിയായിട്ടാണ് പലപ്പോഴും സംസാരിച്ചിരുന്നത്. പൗലോസ് പറയുന്നു - സഭകളിൽ സ്ത്രീകൾ മൗനം പാലിക്കണം. കാരണം അവർക്ക് സംസാരിക്കാൻ അനുവാദമില്ല. ഈ അവഗണന പിന്നെയും സഹിക്കാം. എന്നാൽ വീണ്ടും പറയുന്നു. എല്ലാ പുരുഷന്മാരുടെയും ശിരസ്സ് ക്രിസ്തുവാണ്. എല്ലാ സ്ത്രീകളുടെയും ശിരസ്സ് ഭർത്താവാണ്. (കോറ: 1:3). എന്തൊരു താരതമ്യമാണിത്? ക്രിസ്തു എവിടെ? ഭർത്താവായ പുരുഷനെവിടെ? ആനയും ആടുമായുള്ള വ്യത്യാസമല്ല ഇവിടെ. ആനയും അണുവുമായുള്ള വ്യത്യാസമാണിവിടെ യേശുവിനെ ദൈവപുത്രനായി കണക്കാക്കുന്നവർക്ക്. അതുപോലെതന്നെ പൗലോസിന്റെ പരാമർശങ്ങളിൽ ഉയിർത്തെണീറ്റ യേശുവിനെ കണ്ടവരുടെ കൂട്ടത്തിൽ സ്ത്രീകളുടെ കാര്യം പറയുന്നുമില്ല. ഇതേപോലുള്ള പൗലോസിന്റെ കർക്കശമായ സ്ത്രീവിരുദ്ധ നിലപാടുകളാണ് മേൽ സൂചിപ്പിച്ച ദുർമന്ത്രവാദിനി വേട്ടകൾ പോലുള്ള സഭയുടെ സ്ത്രീകളോടുള്ള ക്രൂരമായ നടപടികൾക്ക് നിമിത്തമായി വന്നത്; ഇന്നും തുടരുന്നതും. യേശുവിന്റെ സന്ദേശങ്ങളെ മറികടന്നുകൊണ്ടുള്ള പൗലോസിന്റെ ഈ ആശയങ്ങൾ സഭയിൽ കൊണ്ടുവന്ന് സഭയെ കളങ്കപ്പെടുത്തിയതിനെ പ്രതിരോധിക്കുവാൻ അന്നത്തെ നേതൃത്വത്തിന് കഴിയാതെ പോയി. കാരണം വി: പൗലോസ് ശിഷ്യന്മാരെക്കാൾ സഭയിൽ ശക്തനായിരുന്നു. സഭാ തലവനായ പത്രോസിനെവരെ കൈചൂണ്ടി ശാസിച്ച് സംസാരിച്ചതായി നാം വായിക്കുന്നുണ്ട്.

കഴിഞ്ഞ കാലങ്ങളൊക്കെ വിടാം. ഇന്നും സഭയുടെ ആത്മീയ രംഗങ്ങളിൽ സ്ത്രീകളുടെ പ്രസക്തി എന്താണ്? വൈദികരും, കന്യാസ്ത്രീകളും സഭയിലെ രണ്ടു വിഭാഗം സന്യസ്തരാണ്. കന്യാസ്ത്രീകളുടെ കോൺവെന്റുകളെ സംബന്ധിച്ച് ഫ്രാൻസിസ് പാപ്പ ഇങ്ങനെ പറഞ്ഞു : കോൺവെന്റുകൾ ശുദ്ധീകരണ സ്ഥലമല്ല. എട്ടും പൊട്ടും തിരിയാത്ത പ്രായത്തിൽ ദൈവവിളി ധ്യാനം കേട്ട് വിശ്വാസത്തിന്റെ മായാവലയത്തിൽപെട്ട് പെൺകുട്ടികൾ കോൺവെന്റുകളിൽ എത്തുന്നു. വിവേക-വികാര-വിചാരങ്ങൾ ഉണ്ടാകുന്ന മുറക്ക് പലപ്പോഴും പലർക്കും ഇവിടെ പൊരുത്തപ്പെടാൻ പറ്റാതെ വരുന്നു. കോൺവെന്റിൽ നിന്നും പുറത്തേക്കുവന്നാൽ അവരെ ഉൾക്കൊള്ളുവാൻ തയ്യാറുള്ള ഒരു സമൂഹം

ഇന്നും രൂപപ്പെട്ടുവന്നിട്ടില്ല. രണ്ടു വർഷങ്ങളോളം കോൺവെന്റുകളിലും, അവയുടെ സ്ഥാപനങ്ങളിലും സേവനം ചെയ്തശേഷം സ്വമനസ്സാലെയോ അല്ലാതെയോ അവിടെനിന്നും പോരേണ്ടിവരുന്നവരുടെ കാര്യം കഷ്ടതരം തന്നെ. സേവനത്തിന് ഒരു പ്രതിഫലവും അവർക്ക് കിട്ടാതെ വരുന്നു. സേവന വ്യവസ്ഥാ നിയമങ്ങളൊന്നും ഇവിടെ പ്രസക്തമല്ല. ഈ അനീതികൾക്കെതിരെ കെ.സി.ആർ.എം.പോലുള്ള അൽമായ സംഘടനകൾ രംഗത്തുവന്നത് സ്വാഗതാർഹമാണ്. അടുത്തയിടെ എറണാകുളം ജില്ലയിലെ ഒരു കോൺവെന്റിൽ നിന്നും വെറും കയ്യോടെ ഇറങ്ങിപ്പോരേണ്ടിവന്ന ഒരു കന്യാസ്ത്രീക്ക് 12 ലക്ഷം രൂപ വാങ്ങിക്കൊടുക്കുവാൻ കെ.സി.ആർ.എം. എന്ന അൽമായ സംഘടനക്ക് കഴിഞ്ഞു. അതുകൊണ്ട് ഇനി ഒരു കന്യാസ്ത്രീയും വെറും കയ്യോടെ ഇറങ്ങിപ്പോരേണ്ടിവരില്ല.

വൈദികരും, കന്യാസ്ത്രീകളും സന്യസ്തരാണ്. ആത്മീയ രംഗത്തുമാണ്. എന്നാൽ വൈദികർക്ക് പട്ടം എന്ന ശ്രേഷ്ഠമായ ആത്മീയ പദവിയുണ്ട്. സഭയിലെ ഔദ്യോഗികമായ അനുഷ്ഠാന കർമങ്ങളും, കൂദാശകളും നടത്തുവാൻ അവർക്കു മാത്രമെ അധികാരമുള്ളു. അനുഷ്ഠാന കർമ്മങ്ങളും, കൂദാശകളും നടത്തി ഇതിനൊക്കെ പ്രത്യേകം നിരക്കുവച്ച് ധനസമ്പാദനവും നടത്തുന്നു. ഇവിടെ വൈദികർക്ക് സ്വകാര്യ സ്വത്ത് സമ്പാദനമുണ്ട്, അതനുസരിച്ച് സ്വതന്ത്ര ജീവിതവുമുണ്ട്. കന്യാസ്ത്രീകൾക്ക് സേവനമല്ലാതെ സ്വകാര്യ സ്വത്ത് സമ്പാദിക്കുവാനുള്ള അവസരവും അനുവാദവുമില്ല. പുരുഷന്മാരായ വൈദികർ മതത്തിന്റെയും, ദൈവത്തിന്റെയും പേരിൽ സ്വത്തുക്കൾ സമ്പാദിച്ച് സ്വാതന്ത്ര്യത്തോടെ സമൂഹത്തിൽ ബഹുമാന്യരായി ജീവിക്കുമ്പോൾ സ്ത്രീകളായ കന്യാസ്ത്രീകൾ പ്രതിഫലം ഒന്നും കൂടാതെ ദാസ്യവൃത്തികൾ ചെയ്ത് കോൺവെന്റിന്റെ മൗനങ്ങളിൽ ജീവിതം ജീവിച്ചുതീർക്കുന്നു.

കുറെ വർഷങ്ങൾക്ക് മുൻപുവരെ എല്ലാ ഇടവക വികാരിമാർക്കും ഭക്ഷണം പാകംചെയ്യുന്നതിനായി 'കുശിനിക്കാർ' എന്ന പേരിലറിയപ്പെടുന്ന പാചകക്കാരുണ്ടായിരുന്നു. പണ്ടുകാലത്തെപ്പോലെ ഇന്ന് പള്ളിവികാരിമാർക്ക് പാചകക്കാരെ കിട്ടാനില്ല. ഇന്ന് വികാരിമാരുടെ ഭക്ഷണം മിക്കവാറും കോൺവെന്റുകളിൽ നിന്നാണ്. അപ്പോൾ വൈദികരുടെ ഭക്ഷണം പാചകം ചെയ്യുകയും, പാത്രങ്ങൾ കഴുകുകയും ചെയ്യേണ്ട ചുമതല കന്യാസ്ത്രീകൾക്കാകുന്നു. അങ്ങിനെവരുമ്പോൾ പള്ളിയുടെ അൾത്താരയിൽക്കയറി പൂജ നടത്താൻ അവകാശവും അധികാരവുമില്ലാത്ത കന്യാസ്ത്രീകൾക്ക് പുരോഹിതർക്കുവേണ്ടി ഭക്ഷണം പാകം ചെയ്യുവാനും, എച്ചിൽപാത്രം കഴുകുവാനുമുള്ള അവകാശം അനുവദിച്ചു കൊടുക്കുന്നു. പള്ളി കമ്മിറ്റികളിൽപോലും കന്യാസ്ത്രീകൾക്കും, അൽമേയ സ്ത്രീകൾക്കും അർഹമായ ഒരു പ്രാതിനിത്യവും

കിട്ടുന്നില്ലെന്ന അവഗണനയുടെ ഒരു കണക്കുകൂടി ഇവിടെ കൂട്ടിചേർക്കുകയാണ്. 'സഭയിൽ സ്ത്രീകൾ ശബ്ദിക്കരുത്' എന്ന പൗലോസ് വാക്യം ഇവിടെ തെറ്റുകൂടാതെ പ്രാവർത്തികമാക്കുകയാണ്.

ഇങ്ങനെ ആത്മീയവും, ഭൗതീകവുമായ എല്ലാ രംഗങ്ങളിലും സ്ത്രീ വിഭാഗത്തെ പുറം തള്ളുകയോ, അവഗണിക്കുകയോ, അവഹേളിക്കുകയോ ചെയ്യുന്ന സഭാ നേതൃത്വത്തിന്റെ പുരുഷ മേധാവിത്വ ആത്മീയതക്കെതിരെ പ്രതികരിക്കുവാൻ ശേഷിയുള്ള കെ.സി.ആർ.എം. പോലുള്ള അൽമായ സംഘടനകൾ ഉണർന്നു വരേണ്ടതാണ്. സാധാരണ വിശ്വാസികൾ ഈ സംഘടനകൾക്ക് ശക്തമായ പിന്തുണയും നൽകേണ്ടതാണ്. എങ്കിൽ മാത്രമെ നൂറ്റാണ്ടുകളായി സഭയിൽ അടിഞ്ഞുകൂടി ശക്തി പ്രാപിച്ചിരിക്കുന്ന സ്ത്രീ വിരുദ്ധ ആത്മീയ - ഭൗതിക നിലപാടുകൾക്ക് അറുതി വരുത്തുവാൻ പറ്റുകയുള്ളു.

Mob: 9497632219

●●

(തുടർച്ച പേജ് 32)

ഭാര്യ മേരിയും മക്കളും ഈരാറ്റുപേട്ട മുൻസിഫ് കോടതിയിൽ നൽകിയ മാനനഷ്ടക്കേസിലാണ് കോടതി ഉത്തരവ്. സുപ്രീം കോടതിയുടേയും ഹൈക്കോടതിയുടേയും ഉത്തരവുകൾ പ്രകാരം മാന്യമായി സംസ്കരിക്കപ്പെടുവാനുള്ള അവകാശം നിയമം അംഗീകരിച്ചിട്ടുള്ളതാണെന്നും, ഒരു രൂപതയിലെ ബിഷപ്പും ഇടവക വികാരിയും സാധാരണ ആളുകളെപ്പോലെ വികാരങ്ങളും ആഗ്രഹങ്ങളും പ്രകടിപ്പിക്കാവുന്നതല്ലെന്നും, ഇത്തരം പദവിയിൽ ഇരിക്കുന്നവർ പ്രതികാര മനോഭാവം പ്രകടിപ്പിക്കാൻ പാടില്ലെന്നും സഭയിലെ ശുശ്രൂഷകരിൽ നിന്നും കരുണയും കരുതലും മാനുഷിക മൂല്യങ്ങളുമാണ് ഉണ്ടാകേണ്ടതെന്നും വിധിയിൽ പറയുന്നു. ആദരപൂർവ്വവും മതാചാരപ്രകാരവും കുടുംബക്കല്ലറയിൽ മൃതദേഹം സംസ്കരിക്കാൻ ബന്ധുക്കളെ അനുവദിക്കാതിരുന്നത് എല്ലാവിധ മാനുഷിക മൂല്യങ്ങൾക്കും എതിരാണെന്ന് കരുതേണ്ടിയിരിക്കുന്നുവെന്നും ഈ നടപടി തെറ്റായുള്ളതും പരേതന്റെ അവകാശങ്ങളുടെ മേലുള്ള ലംഘനമാണെന്നും 28 പേജുള്ള വിധിന്യായത്തിൽ കോടതി വ്യക്തമാക്കി. മുടക്കും വിലക്കുമായി വിശ്വാസികളെ വരുതിയിൽ നിർത്താമെന്നു കരുതുന്ന കേരളത്തിലെ മുഴുവൻ സഭാനേതാക്കൾക്കുമുള്ള മുന്നറിയിപ്പാണ് ഈ കോടതി ഉത്തരവ്. ...................

(കടപ്പാട്: 2016 ഫെബ്രുവരി 28-ലെ കേരളശബ്ദത്തിൽ നിന്ന്)

□□

# ആഡംബര പള്ളിനിർമാണ ചിലവ് കുടിശ്ശികയായി പള്ളിക്കണക്കിൽ ചേർക്കുന്നതിനെ ചെറുക്കും

## 'കത്തോലിക്കാ മെത്രാന്മാരുടെ അസഹിഷ്ണുതയും കച്ചവട താൽപര്യവും' - സെമിനാർ

പുരാതന ക്രൈസ്തവ ദേവാലയങ്ങൾ പൊളിച്ചുമാറ്റി തൽസ്ഥാനത്ത് പുതിയ കോൺക്രീറ്റ് പള്ളികൾ പണിയുന്നതും, പ്രസ്തുത നിർമ്മിതിക്കുവേണ്ടി വരുന്ന ഭാരിച്ച മുതൽ മുടക്ക് ഇടവകക്കാരുടെ പേരിൽ കുടിശ്ശികയായി എഴുതി വെച്ച് നിർബന്ധ പിരിവുനടത്തുന്നതിനെ ചെറുക്കുമെന്ന് തൃശ്ശൂർ സാഹിത്യ അക്കാദമിയിൽ ചേർന്ന 'കത്തോലിക്കാ മെത്രാന്മാരുടെ അസഹിഷ്ണുതയും, കച്ചവട താൽപര്യവും ' എന്ന സെമിനാറിൽ തീരുമാനിച്ചു. ഇങ്ങനെ ചെയ്യുന്നത് രൂപതകളുടെ പിടിച്ചുപറിയും, ക്രിമിനൽ കുറ്റവുമാണെന്നും ഇതിനെതിരെ കോടതികളിൽ പോകേണ്ടി വരുന്ന വിശ്വാസികൾക്ക് നിയമസഹായവും, സംരക്ഷണവും നൽകാനും തീരുമാനിച്ചു. കേരളാ കാത്തലിക് ഫെഡറേഷന്റെ ഏഴാമത് വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിച്ച സെമിനാർ 'കേരള കാത്തലിക് അസോസിയേഷൻ ഫോർ ജസ്റ്റിസി'ന്റെ പ്രസിഡണ്ട് അഡ്വ. പോളച്ചൻ പുതുപ്പാറ ഉദ്ഘാടനം ചെയ്തു. ഫെഡറേഷൻ സംസ്ഥാന പ്രസിഡണ്ട് ആന്റണി ചിറ്റാട്ടുകര അധ്യക്ഷത വഹിച്ചു. ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ ജനറൽ സെക്രട്ടറി ആന്റോ കോക്കാട്ട്, റാഷണലിസ്റ്റ് ആക്ടിവിസ്റ്റ് മോഹൻദാസ് ആലുവ, കെ.സി.എഫ് ജനറൽ സെക്രട്ടറി വി. കെ. ജോയി, ലെയിറ്റി വോയ്സ് എഡിറ്റർ ജോർജ് ജോസഫ് കട്ടിക്കാരൻ, സാംസൻ ചിറമ്മൽ, സി. എ. രാജൻ എന്നിവർ പ്രസംഗിച്ചു.

മുംബൈയിലെ 'ഔവർ .ലേഡി ഓഫ് വേളാങ്കണ്ണി' പള്ളിയിൽ സ്ഥാപിച്ചിരുന്ന ക്രൂശിത രൂപത്തിൽ നിന്ന് ഒഴുകിവന്ന ജലം ദിവ്യ ജലമല്ല ഓടയിൽനിന്നുള്ള മലിനജലമാണെന്ന് തെളിയിച്ച സനൽ ഇടമറുകിനെ മതനിന്ദ ആരോപിച്ച് 295 എ വകുപ്പുപ്രകാരം നിലവിലുള്ള പതിനേഴു കള്ള കേസുകളും പിൻവലിക്കണമെന്ന് യോഗം കേന്ദ്ര സർക്കാരിനോടും മഹാരാഷ്ട്ര സർക്കാരിനോടും ആവശ്യപ്പെട്ടു. പല കേസുകളും ജാമ്യമില്ലാത്ത വകുപ്പുകൾ പ്രകാരമായതുകൊണ്ട് സനൽ ഇടമറുക് ഫിൻലന്റിൽ അഭയം തേടിയിരിക്കുകയാണ്. മൂന്നര വർഷമായി നാട്ടിൽ വരാൻ കഴിയാത്ത അവസ്ഥയാണുള്ളത്. അമ്മ മരിച്ചിട്ടുപോലും സനൽ ഇടമറുകിന് വരാൻ പറ്റാത്ത സാഹചര്യമായിരുന്നു സഭയുടെ നിലപാടുമൂലം ഉണ്ടായത്. നിരീശ്വര വാദികൾ പോലും സൽകർമികളാണെങ്കിൽ സ്വർഗത്തിൽ

പോകുമെന്ന് പറയുന്ന ഫ്രാൻസിസ് പോപ്പിനോട് ഈ കാര്യത്തിൽ ഇട പെട്ട് സഭയെക്കൊണ്ട് ഇത്തരം ദുഷ്കൃത്യങ്ങൾ തിരുത്തിക്കാൻ ആവ ശ്യപ്പെടാനും യോഗം തീരുമാനിച്ചു.

അന്തരിച്ച ടി. വി. തോമസ് അന്ത്യകൂദാശ സ്വീകരിച്ചിട്ടുണ്ട് എന്ന് സഭ നടത്തിയ അവകാശവാദം തികച്ചും അടിസ്ഥാനരഹിതമാണ്. 2009 -ൽ പ്രശസ്ത പത്രപ്രവർത്തകനായ ടി. വി. കൃഷ്ണൻ എഴുതിയ ടി. വി. തോമസിന്റെ ജീവചരിത്രത്തിൽ മൂത്ത സഹോദരൻ ചാക്കോ ടി. വി. തോമസിനെ കുമ്പസാരിപ്പിക്കുന്നതിന് വൈദികനെ കൊണ്ടുവന്നെങ്കിലും ഉദ്ദേശം മനസ്സിലായ ടി. വി തോമസ് തൻമയത്വമായി വൈദികനെ മടക്കി അയക്കുകയാണ് ചെയ്തത് എന്ന് വ്യക്തമാക്കുന്നുണ്ട്. തദ്ദേശ സ്വയംഭ രണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് നടന്നിരുന്ന അവസരത്തിൽ ഇത്തരത്തിലുള്ള ലേഖനങ്ങളും പ്രസ്താവനകളും സഭ പുറപ്പെടുവിച്ചത് ദുരുദ്ദേശപരമാണ്.

ഇത്തരത്തിൽ മത്തായി ചാക്കോയെപോലുള്ള ജനനേതാക്കളെ മര ണത്തിനുശേഷവും അപകീർത്തിപ്പെടുത്താൻ ശ്രമിക്കുകയും അതേസ മയം മറിയക്കുട്ടി കൊലക്കേസിലെ പ്രതി ഫാ. ബനഡിക്ടിനെ പുണ്യ വാളനാക്കാനും അഭയകേസിലെ പ്രതികളെ വെള്ളപൂശാനും ഇടയലേ ഖനങ്ങളും പ്രസ്താവനകളും ധ്യാനപ്രസംഗങ്ങളും വഴി ശ്രമിക്കുന്നത് സഭ നിറുത്തണമെന്നും സെമിനാർ ആവശ്യപ്പെട്ടു.

വി.കെ. ജോയി, ജന. സെക്രട്ടറി
കേരള കാത്തലിക് ഫെഡറേഷൻ
മൊ: 9447037725

തൃശൂർ
08/11/2015

# ക്രൈസ്തവ വിദ്യാഭ്യാസരംഗം ഇന്നലെയും ഇന്നും

**ജോർജ് മൂലേച്ചാലിൽ**

(2016 ഫെബ്രുവരി ലക്കം സത്യജ്വാലയിൽ വന്ന എഡിറ്റോറിയൽ ലേഖനമാണ് താഴെ കൊടുക്കുന്നത്.)

കത്തോലിക്കാ സഭയിലെ ചില സന്ന്യാസ സമൂഹങ്ങളും സന്ന്യാസിനീ സമൂഹങ്ങളും വ്യക്തിപരമായി ട്രസ്റ്റുകൾ സ്ഥാപിച്ച് ചില വൈദികരും നടത്തിവരുന്ന അൺഎയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ കേരള കത്തോലിക്കാ സമുദായത്തിനുതന്നെ അപമാനകരമായിത്തീർന്നിട്ടുണ്ട്. സംഭാവന വാങ്ങിയും വൻഫീസുപിരിച്ചും ഗവൺമെന്റ് ഉത്തരവ്പ്രകാരം ചെക്കായി നൽകുന്ന മിനിമം ശമ്പളത്തിൽനിന്ന് ഒരു ഭാഗം അദ്ധ്യാപകരിൽനിന്ന് നിർബന്ധം ചെലുത്തി തിരിച്ചുമേടിച്ചും നടത്തിവരുന്ന ഇത്തരം കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങൾ യാതൊരുവിധ സാമൂഹികനിയന്ത്രണവുമില്ലാതെ ചൂഷണത്തിൽ തഴച്ചു വളരുകയാണ്. എന്തെങ്കിലും വിയോജിപ്പു പ്രകടിപ്പിച്ചാൽ ഉള്ള ജോലിയിൽനിന്നും പിരിച്ചുവിട്ടേക്കാമെന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ, ഉന്നത വിദ്യാഭ്യാസയോഗ്യതകളുള്ള എത്രയോ അധ്യാപകരാണ് എല്ലാ അനീതിയും ചൂഷണവും സഹിച്ചും മൗനംപാലിച്ചും ഈ മേഖലയിൽ ഉപജീവനത്തിനായി പാടുപെടുന്നത്!

ഈ അടുത്തയിടെ, കട്ടപ്പനയ്ക്കടുത്ത് സ്വരാജിൽ ഒരു കത്തോലിക്കാ വൈദികന്റെ നേതൃത്വത്തിൽ നടത്തിവരുന്ന ഇത്തരമൊരു സ്കൂളിലെ ഏതാനും അദ്ധ്യാപകർ, തിരിച്ചുകൊടുക്കേണ്ട തുകയിൽ അല്പം ഇളവു വരുത്താമോ എന്നഭ്യർഥിച്ചതിന്റ പേരിൽ അവരെ തരംതാഴ്ത്തുകയും ശമ്പളം വെട്ടികുറയ്ക്കുകയും ചെയ്തത്രേ! കണ്ണിൽച്ചോരയില്ലാത്ത ഈ നടപടിക്കെതിരെ മറ്റൊരദ്ധ്യാപകൻ പ്രതിഷേധിച്ചതിന് അദ്ദേഹത്തെ ഉൾപ്പെടെ ജോലിയിൽനിന്നു പിരിച്ചുവിട്ടെന്നും അറിയുന്നു. മാത്രമല്ല, ഈ സംഭവത്തിൽ പിരിച്ചുവിടപ്പെട്ട അധ്യാപകർക്കു പിന്തുണ പ്രഖ്യാപിച്ച് നാട്ടുകാരും സംഘടനാ പ്രവർത്തകരും ചേർന്ന് ഒരു പ്രതിഷേധസമ്മേളനം നടത്തിയതിന്റെ പേരിൽ, ഗുണ്ടകളെ ഉപയോഗിച്ച് അദ്ധ്യാപകരെ മർദ്ദിച്ചവശരാക്കിയെന്നും റിപ്പോർട്ടുണ്ട് (2016 ഫെബ്രുവരി ലക്കം സത്യജ്വാല 5-ാം പേജിലെ റിപ്പോർട്ട് കാണുക)

വിദ്യാഭ്യാസരംഗത്ത് കത്തോലിക്കാസമൂഹം നൽകിയിട്ടുള്ള വിലപ്പെട്ട സംഭാവനകളെക്കുറിച്ചുള്ള ഓർമകൾ പുതുക്കാനും ആ വെളിച്ചത്തിൽ അതിപ്പോൾ എത്തിനിൽക്കുന്ന ലജ്ജാകരമായ അവസ്ഥയെക്കുറിച്ചു പരിചിന്തിക്കാനും കത്തോലിക്കാസഭയുടെ പേരിൽ നടക്കുന്ന ഇത്തരം അനിഷ്ടസംഭവങ്ങൾ അവസരങ്ങളാകേണ്ടതുണ്ട് എന്നു കരുതുന്നു.

കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് ഇവിടുത്തെ ക്രൈസ്തവസമൂഹം വഹിച്ച പങ്ക് വളരെ വലുതായിരുന്നുവെന്ന് ആരും സമ്മതിക്കും. ഓരോ പള്ളിയോടും ചേർന്ന് പള്ളിക്കൂടം സ്ഥാപിച്ച് കഴിഞ്ഞ നൂറ്റാണ്ടിൽ ഈ സമൂഹം നടത്തിയ വിദ്യാഭ്യാസപ്രവർത്തനത്തിനു സമാനമായൊരു മാതൃക ലോകത്തെവിടെയെങ്കിലും ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. പള്ളിക്കെന്നതുപോലെ പള്ളിക്കൂടങ്ങൾക്കും, ആവശ്യമായത്ര സ്ഥലവും അവ പണിയാനാവശ്യമായ തടികളും മറ്റു സാധനസാമഗ്രികളും വിട്ടുകൊടുത്തും പണം പിരിച്ചും കൂട്ടായി അദ്ധ്വാനിച്ചും ഒരു ജനത കേരളത്തിലങ്ങോളമിങ്ങോളം നടത്തിയ ത്യാഗോജ്വലമായ ഈ വിദ്യാഭ്യാസപ്രവർത്തനമാണ്, കേരളീയരുടെ ഉയർന്ന സാക്ഷരതയ്ക്കും എല്ലാ മേഖലകളിലുമുണ്ടായ അഭിവൃദ്ധിക്കും അടിത്തറതീർത്തത്. ഈ പ്രവർത്തനത്തിന്റെ നേതൃന്നിരയിൽ ക്രൈസ്തവരായിരുന്നെങ്കിലും ഈ സംരംഭത്തിൽ മറ്റു സമുദായാംഗങ്ങളുടെ ഭാഗത്തുനിന്നുണ്ടായ വൻസഹകരണവും പങ്കാളിത്തവുംകൂടി കണക്കിലെടുത്താൽ അത് സാർവ്വത്രികവിദ്യാഭ്യാസത്തിനുവേണ്ടി കേരളം  നടത്തിയ ഒരു മതേതരജനകീയമുന്നേറ്റമായിരുന്നു എന്നു വിലയിരുത്താനാകും.

മഹത്തായ ഈ പള്ളിക്കൂടവിപ്ലവത്തിനുപിന്നിൽ നാട്ടിലെ കുട്ടികൾക്കു വിദ്യാഭ്യാസം നൽകണമെന്ന ലക്ഷ്യമല്ലാതെ സാമുദായികമോ സാമ്പത്തികമോ ആയ ഒരു ലക്ഷ്യവുമുണ്ടായിരുന്നില്ല. ചെറിയ ഫീസു പിരിച്ച് അതിൽനിന്ന് അദ്ധ്യാപകർക്കു തുച്ഛമായ ശമ്പളം നൽകുന്ന രീതിയാണ് തുടക്കത്തിൽ അവലംബിച്ചിരുന്നത്. ഈ സ്കൂളുകളുടെ നടത്തിപ്പ് തീർത്തും വികേന്ദ്രീകൃതവും സുതാര്യവുമായിരുന്നു എന്നതാണു മറ്റൊരു പ്രത്യേകത,. ഓരോ പള്ളിക്കൂടവും അതാത് ഇടവകയുടേത്; പള്ളി വികാരി സ്കൂൾ മാനേജർ; തിരഞ്ഞെടുക്കപ്പെട്ട കൈക്കാരന്മാരും പള്ളിയോഗാംഗങ്ങളും സ്കൂൾ നടത്തിപ്പുകാരും കാര്യാലോചനക്കാരും. മറ്റു സമുദായങ്ങളിലേതുൾപ്പെടെ തങ്ങൾക്കു നേരിട്ടറിയാവുന്ന സ്വന്തം നാട്ടിലെതന്നെ പഠിപ്പും കഴിവും താല്പര്യവുമുള്ള യുവതീയുവാക്കളെ പള്ളിയോഗം ചേർന്ന് അദ്ധ്യാപകരായി നിയമിക്കുന്നു. ഗവൺമെന്റ് സിലബസുപ്രകാരമുള്ള  വിദ്യാഭ്യാസവും  പരീക്ഷകളും....

മറ്റു സമുദായങ്ങളും ഈ മാതൃക പിന്തുടരാൻ തയ്യാറായതോടെ കേരളമാകെ സരസ്വതീദേവിയുടെ വിളയാട്ടഭൂമിയായി. മലയാളി സമൂഹത്തിൽ വായനാശീലമുണർന്നു. അവരിൽ ധിഷണയും സർഗ്ഗാത്മകതയും സടകുടഞ്ഞുയർന്നു. ലൈബ്രറി പ്രസ്ഥാനം ഒരു തരംഗമായി കേരളമാകെ അലയടിച്ചു. കലാ-സാഹിത്യ-സാംസ്കാരിക രംഗങ്ങളിൽ ഉണർവിന്റെ പുത്തൻ കേളികൊട്ടുയർന്നു. മലയാളത്തിന്റെയും മലയാളിയുടെയും സാംസ്കാരിക ഗാത്രത്തിൽ ഒരു നവചൈതന്യത്തിന്റെ പോരാട്ടമുണ്ടായി. കേരളമുഖത്തിന് പുതിയൊരു ഓജസ് കൈവന്നു.

എന്നാൽ കേരളത്തിലെ വിദ്യാഭ്യാസ മേഖലയുടെ ഈ മുഖശോഭ ഏതാനും പതിറ്റാണ്ടുകൾക്കുശേഷം മങ്ങാനാരംഭിച്ചു. സ്കൂളുകളുടെ

മാനേജർസ്ഥാനം വഹിച്ചിരുന്ന വികാരിയച്ചന്മാരുടെ പ്രമാണിത്തമനോഭാവവും പണക്കൊതിയും സ്കൂളുകളുടെമേൽ തങ്ങൾക്ക് അധികാരം ലഭിക്കണമെന്ന മെത്രാന്മാരുടെ ആഗ്രഹവുമാണ് ഇതിനു കാരണമായത്. ചെക്കു കൊടുത്ത് അതിന്റെ പകുതി തുക അദ്ധ്യാപകരിൽനിന്നു തിരിച്ചുവാങ്ങുന്ന ഇന്നത്തെ സ്വാശ്രയമാനേജ്മെന്റിന്റെ മുൻഗാമികളായിരുന്നു അന്നത്തെ മാനേജരച്ചന്മാരിൽ വളരെപ്പേരും. കൂടുതൽ തുകയ്ക്ക് ഒപ്പിടുവിച്ചിട്ട് കുറഞ്ഞ തുക കൊടുക്കുന്ന രീതിയായിരുന്നു അവരുടേത് എന്നു മാത്രം. ഈ കാലയളവിൽ യോഗ്യതയുള്ള അച്ചന്മാർക്കും കന്യാസ്ത്രീകൾക്കും അദ്ധ്യാപകനിയമനത്തിൽ കൂടുതൽ പരിഗണന കൊടുത്തു തുടങ്ങിയിരുന്നു. കഴിയുന്നിടത്തോളം അച്ചന്മാരെത്തന്നെ ഹെഡ്മാസ്റ്റർമാരാക്കുന്ന പ്രവണതയ്ക്കും തുടക്കമിട്ടു.

1957-ൽ അധികാരമേറ്റ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിൽ വിദ്യാഭ്യാസമന്ത്രിയായിരുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി പുതിയൊരു വിദ്യാഭ്യാസ ബില്ലിനു രൂപംകൊടുത്തതിനുപിന്നിൽ, മറ്റു പലതിന്റെയും കൂട്ടത്തിൽ, ഈ അനാരോഗ്യകരമായ പ്രവണതകൾക്കു കടിഞ്ഞാണിടുക എന്ന ലക്ഷ്യം കൂടിയുണ്ടായിരുന്നു. അധ്യാപകർക്ക് ഗവൺമെന്റുതന്നെ ശമ്പളം നൽകുകയെന്ന മുഖ്യനയമാറ്റത്തോടൊപ്പം മാനേജ്മെന്റ് കവർന്നെടുത്തിരുന്ന ചില അമിതാധികാരങ്ങൾക്കു പരിധികല്പിച്ചിട്ടുള്ള വകുപ്പുകളും ബില്ലിലുണ്ടായിരുന്നു. ഇതിൽ പ്രകോപിതമായ കത്തോലിക്കാസഭാധികാരം, ക്രൈസ്തവസ്കൂളുകൾ നിരീശ്വരവാദികളായ കമ്മ്യൂണിസ്റ്റുകാർ പിടിച്ചടക്കി അവരുടേതാക്കാൻ പോകുന്നു എന്ന ഭീതി വിതച്ച്, കമ്മ്യൂണിസ്റ്റ് ഗവൺമെന്റിൽനിന്നു കേരളത്തെ മോചിപ്പിക്കാനുള്ള ഒരു വിമോചനസമരത്തിന് ക്രൈസ്തവരെ ആഹ്വാനം ചെയ്തു. ഈ തക്കം നോക്കി അവർ ചെയ്ത മറ്റൊരു കാര്യം, കത്തോലിക്കാ മാനേജ്മെന്റ് സ്കൂളുകളെല്ലാം തന്നെ രൂപതാ കോർപ്പറേറ്റ് മാനേജ്മെന്റുണ്ടാക്കി അതിനു കീഴിലാക്കി എന്നതാണ്. NSS-ന്റെ സ്ഥാപകനേതാവ് മന്നത്തു പത്മനാഭന്റെ കൂടി നേതൃത്വത്തിൽ നടന്ന വിമോചനസമരത്തെത്തുടർന്ന് 1959-ൽ കേരളത്തിലെ ആദ്യ കമ്മ്യൂണിസ്റ്റ് സർക്കാർ നിലംപൊത്തി. യഥാർത്ഥത്തിൽ, അതിനുശേഷം മാത്രമാണ്, തങ്ങളുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമായിരുന്ന പള്ളിക്കൂടങ്ങൾ രൂപതകളുടേതായിത്തീർന്ന കാര്യം ഇടവകക്കാർ അറിഞ്ഞത്. എങ്കിലും, കമ്മ്യൂണിസ്റ്റുകാരിൽനിന്നു തങ്ങളുടെ സ്കൂളുകളെ രക്ഷിക്കാനായി മെത്രാന്മാർ സ്വീകരിച്ച ഒരനിവാര്യ നടപടിയായിക്കണ്ട് ആശ്വസിക്കുകയാണ് വിശ്വാസിസമൂഹം ചെയ്തത്.

അങ്ങനെ ഇടവകസ്കൂളുകൾ രൂപത വകയായതോടെ ക്രൈസ്തവ വിദ്യാഭ്യാസമേഖല പൂർണമായിത്തന്നെ പുരോഹിത ഭരണത്തിൻകീഴിലായി. തുടർന്നുവന്ന ഗവൺമെന്റുകൾ മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസബില്ലിലുണ്ടായിരുന്നതും മാനേജ്മെന്റിന് എതിരായി വരാത്തതുമായ പല കാര്യങ്ങളും നടപ്പാക്കി. അഡ്മിഷനിലും അദ്ധ്യാപകനിയമനത്തിലുമുള്ള

മാനേജ്മെന്റിന്റെ അധികാരം നിലനിർത്തിക്കൊണ്ടുതന്നെ, ഇത്തരം മാനേജ്മെന്റ് സ്കൂളുകളെ ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളാക്കി. അധ്യാപകർക്കു ശമ്പളം കൊടുക്കുന്നതിന്റെ ഉത്തരവാദിത്വം അങ്ങനെ ഗവൺമെന്റ് ഏറ്റെടുത്തു. വിദ്യാഭ്യാസം ഗവൺമെന്റ് കാര്യവും അരമനക്കാര്യവുമായി. കത്തോലിക്കാസ്കൂളുകളെ സംബന്ധിച്ച്, ചുമതലകൾ ഗവൺമെന്റിനും അവകാശങ്ങൾ പുരോഹിതർക്കും എന്ന സ്ഥിതിയിലായി കാര്യങ്ങൾ. ഇടവകക്കാർക്കും പൊതുജനത്തിനും ഒരുത്തരവാദിത്വവും ഇല്ലാതെയായി. ഉത്തരവാദിത്വമില്ലാത്തിടത്ത് അധികാരവും ഉണ്ടാവില്ലല്ലോ.

വാസ്തവത്തിൽ മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസബില്ലിന്റെയും വിമോചനസമരത്തിന്റെയും ഗുണഭോക്താക്കളായിത്തീർന്നത്, പ്രധാനമായും കേരളത്തിലെ ക്രൈസ്തവപൗരോഹിത്യമായിരുന്നു. ക്രൈസ്തവസ്കൂളുകളെ ക്രൈസ്തവസമൂഹത്തിന്റെ നിയന്ത്രണത്തിൽനിന്നു പൂർണമായി വിടുവിച്ചുകൊണ്ടാണ് അവരിതു സാധിച്ചെടുത്തത്. തുടർന്ന് യോഗ്യത നേടിയ മുഴുവൻ വൈദികരെയും കന്യാസ്ത്രീകളെയും അധ്യാപകരായി നിയമിച്ച് വിദ്യാഭ്യാസമേഖലയെ പുരോഹിതീകരിച്ചു. അത്മായരുടെ അധ്യാപകനിയമനത്തിന്, പ്രത്യേകം വേദപാഠപരീക്ഷ, വേദപാഠ അധ്യാപന പരിചയം എന്നിങ്ങനെയുള്ള കടമ്പകൾ സൃഷ്ടിക്കപ്പെട്ടു. ചുരുക്കത്തിൽ പുരോഹിതബന്ധുക്കൾക്കോ ശിങ്കിടികൾക്കോ പണവും സ്വാധീനവുമുള്ളവർക്കോമാത്രം കയറിപ്പറ്റാവുന്ന ഒരു ബാലികേറാമലയായി ത്തീർന്നു അത്മായരെ സംബന്ധിച്ച് അധ്യാപകവൃത്തി. അങ്ങനെ ന്യൂനപക്ഷാവകാശം എല്ലാ വിധത്തിലും ക്രൈസ്തവസമൂഹത്തിലെ അതിന്യൂനപക്ഷമായ പുരോഹിതവിഭാഗത്തിന്റെ കുത്തകാവകാശമായി മാറി. ക്രൈസ്തവ വിദ്യാഭ്യാസസ്ഥാപനങ്ങൾ പൗരോഹിത്യത്തിന്റെ മസ്സിൽപവർ വർധിപ്പിച്ചു.

ഇതേതുടർന്നാണ്, ഈ മസ്സിൽപവറോടുകൂടി ആഗോള തൊഴിൽമാർക്കറ്റ് മുന്നിൽക്കണ്ട ചില സന്ന്യാസാശ്രമങ്ങളും സന്ന്യാസിനീമഠങ്ങളും മലയാളികുട്ടികളെമുഴുവൻ ഇംഗ്ലീഷുകാരാക്കാൻ, കേന്ദ്രാംഗീകാരമുള്ള മറ്റു സിലബസുകൾപ്രകാരമുള്ള സ്വാശ്രയ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ ആരംഭിച്ചത്. ഉന്നത വിദ്യാഭ്യാസമുള്ള അനേകർ എയ്ഡഡ് സ്കൂളുകളിൽ അവസരം നിഷേധിക്കപ്പെട്ട് പാരലൽ കോളേജുകളും ട്യൂഷൻ സെന്ററുകളും നടത്തി ഉപജീവനം നടത്തിയിരുന്ന അക്കാലത്ത്, അവരിലേറെപ്പേരേയും കുറഞ്ഞ ശമ്പളത്തിൽ അധ്യാപകരായി നിയമിച്ചായിരുന്നു, വൈദികരും കന്യാസ്ത്രീകളും ഈ ഇംഗ്ലീഷ്മീഡിയം സ്കൂൾ വിപ്ലവം അരങ്ങേറിയത്. 'എത്ര പണം മുടക്കിയും ഇംഗ്ലീഷിൽ പഠിച്ചാൽ കേരളത്തിൽനിന്നും പുറത്തുപോയി ജോലിനേടി പണമുണ്ടാക്കാം. അങ്ങനെ രക്ഷപെടാം' എന്ന ചിന്തയ്ക്കു കേരളത്തിൽ നല്ല വേരോട്ടമുണ്ടായി. സമ്പന്നരും ഇടത്തരക്കാരും തങ്ങളുടെ കുട്ടികളെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലയച്ചു പഠിപ്പിച്ചുതുടങ്ങി. ക്രമേണ,

അത്തരം സ്കൂളുകളിൽ പഠിപ്പിക്കുകയെന്നത് ഒരു തരം സ്റ്റാറ്റസ് സിംബലായി മാറുകയും ഇംഗ്ലീഷ് ഭ്രമം ഒരു സാംക്രമികരോഗംപോലെ എല്ലാ വിഭാഗം ജനങ്ങളിലേക്കും പടരുകയും ചെയ്തു. ഇതിന്റെ ഫലമായി കേരളീയരെ അഭ്യസ്തവിദ്യരാക്കിയ പള്ളിക്കൂടങ്ങൾ കുട്ടികളെ കിട്ടാതെ പ്രതിസന്ധിയിലാകുകയും പല സ്കൂളുകളും പൂട്ടേണ്ട സ്ഥിതിയിലെത്തുകയും ചെയ്തിരിക്കുകയാണ്. ഈ ഇംഗ്ലീഷ് ഭ്രമത്തിന് മറ്റു സമുദായങ്ങളും വിധേയപ്പെട്ടതോടെ ജനങ്ങളും ഗവൺമെന്റും കഷ്ടപ്പെട്ടുണ്ടാക്കി ഐശ്വര്യത്തോടെ നിലനിർത്തിയ ആയിരക്കണക്കിനു സരസ്വതീക്ഷേത്രങ്ങൾ നിലനില്പിനുവേണ്ടി നിലവിളിക്കുകയാണിന്ന്.

കേരള ക്രൈസ്തവരുടെ വിദ്യാഭ്യാസപ്രവർത്തനചരിത്രത്തിൽ ഹ്രസ്വമായ ഈ രേഖാചിത്രം പരിശോധിച്ചാൽ, അതിൽ പൗരോഹിത്യത്തിന്റെ കടന്നുകയറ്റമുണ്ടായപ്പോൾമുതലാണ്, അല്ലെങ്കിൽ ജനകീയനിയന്ത്രണം കുറഞ്ഞപ്പോൾ മുതലാണ്, അതിന്റെ ഗുണമേന്മാഗ്രാഫ് താഴേക്കു പതിക്കാൻ തുടങ്ങിയത് എന്നു കാണാനാവും.

വിദ്യാഭ്യാസമെന്ന സേവനമേഖലയെ പൗരോഹിത്യം തൻപ്രമാണിത്തംകൊണ്ടും അധികാരവാഞ്ഛകൊണ്ടും ആദ്യം തങ്ങളുടെ അധികാരമേഖലയായും തുടർന്ന് കച്ചവടമേഖലയായും മൂല്യശോഷണം നടത്തി അധഃപതിപ്പിക്കുകയായിരുന്നു. ഈ കച്ചവടപ്രവണതയുടെ പുതിയ മേച്ചിൽപുറമാണ്, അൺ എയ്ഡഡ് മേഖലയിൽ അവർ ഉദ്ഘാടനം ചെയ്ത് ഇപ്പോൾ പബ്ലിക് സ്കൂളുകളായി വളർത്തിക്കൊണ്ടിരിക്കുന്ന ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസസ്ഥാപനങ്ങൾ. കേരളത്തിലെ പൊതുവിദ്യാഭ്യാസമേഖലയെ വിഴുങ്ങി ഇല്ലാതാക്കി കൂടുതൽ ലാഭം കൊയ്യുകയെന്ന ലക്ഷ്യത്തിലാണ് അവരിന്ന്. അതിന്, ഈ മേഖലയിൽ കാലുവച്ച മറ്റു സമുദായനേതൃത്വങ്ങളും ഇപ്പോൾ കൂട്ടുണ്ടുതാനും. ഗവൺമെന്റാകട്ടെ, പൊതു വിദ്യാഭ്യാസരംഗത്തെ പടിപടിയായി സ്വകാര്യമേഖലയ്ക്കു തീറെഴുതി കൊടുക്കുക എന്ന കോർപ്പറേറ്റുനയം സ്വീകരിച്ചിരിക്കുകയുമാണ്. ജനങ്ങൾ അടിയന്തിരമായി ഉണർന്നു പ്രവർത്തിക്കാൻ തയ്യാറാകുന്നില്ലെങ്കിൽ, ഈ സ്വകാര്യ അൺ എയ്ഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങൽ അധികം വൈകാതെ കേരളത്തിൽ പൊതു വിദ്യാഭ്യാസ സംവിധാനത്തിന്റെ അന്തകരാകുമെന്നുറപ്പാണ്.

പുരോഹിതരുൾപ്പെടെയുള്ള ക്രൈസ്തവസമൂഹത്തിന്റെ പ്രധാന മുൻകൈയിൽ കേരളം പടുത്തുയർത്തിക്കൊണ്ടുവന്ന പൊതുവിദ്യാഭ്യാസമേഖലയുടെ തകർച്ചയ്ക്ക് ക്രൈസ്തവപൗരോഹിത്യം നേതൃത്വം കൊടുക്കുന്നു എന്നതിൽ വൈരുദ്ധ്യമുണ്ടെന്നു തോന്നാം. എന്നാൽ വൈരുദ്ധ്യം യഥാർഥത്തിലുള്ളത്, സമൂഹത്തിന്റെ താല്പര്യങ്ങളും പൗരോഹിത്യത്തിന്റെ താല്പര്യങ്ങളും തമ്മിലാണ്. അതുകൊണ്ടാണ്, തുടക്കം മുതൽ പുരോഹിതരുടെ ഓരോ ഇടപെടലും വിദ്യാഭ്യാസരംഗത്തെ അധഃപതിപ്പിക്കുക മാത്രം ചെയ്തതായി നമുക്കു കാണാൻ കഴിയുന്നത്.

യേശു ശിഷ്യത്വം അവകാശപ്പെടുന്ന പൗരോഹിത്യത്തിന്റെ മനുഷ്യത്വഹീനതയാണ് മറ്റൊരു വൈരുദ്ധ്യം. അത് ഏറ്റവുമധികം പ്രകടമാകുന്നത് എയ്ഡഡ് സ്കൂൾ അധ്യാപകരോടുള്ള ഇവരുടെ സമീപനത്തിലാണ്. അതിന്റെ ഒരു സമീപകാല ഉദാഹരണം മാത്രമാണ് ആദ്യം ചൂണ്ടിക്കാട്ടിയത്. ഉന്നതവിദ്യാഭ്യാസ യോഗ്യതകളുള്ള ഈ അധ്യാപകസമൂഹത്തിൽ 60 ശതമാനത്തിനും കൈയിൽ കിട്ടുന്ന ശരാശരി ശമ്പളം കേവലം 6000/- രൂപയ്ക്കു താഴെയാണെന്ന് 'കേരളാ അൺ എയ്ഡഡ് സ്കൂൾ ടിച്ചേഴ്സ് ഓർഗനൈസേഷൻ' (KUSTO) പ്രസ്താവിക്കുന്നു. 30% പേർക്ക് 10000-ത്തോളം രൂപയും. നിയമത്തെ മറികടക്കാൻ, ഗവൺമെന്റ് നിശ്ചയിച്ചുകൊടുത്തിട്ടുള്ള മിനിമം ശമ്പളത്തുകയ്ക്കുള്ള ചെക്കു കൊടുക്കുന്നു. എന്നിട്ട് അതിന്റെ പകുതി നിർബന്ധമായി തിരിച്ചു പിടിക്കുകയോ അവരിൽനിന്നു വാങ്ങിവച്ചിരിക്കുന്ന ബ്ലാങ്ക് ചെക്കുകളുപയോഗിച്ച് പിൻവലിക്കുകയോ ചെയ്യുന്നു! ഇതിനെതിരെ ശബ്ദിച്ചാൽ തരംതാഴ്ത്തുകയോ പിരിച്ചുവിടുകയോ ചെയ്യുന്നു! നിയമനരേഖകളൊന്നും നൽകുന്ന രീതിയില്ലാത്തതിനാൽ എത്രവർഷം സർവ്വീസുള്ളവരെയും എപ്പോൾ വേണമെങ്കിലും പിരിച്ചുവിടാമെന്ന സ്ഥിതിയാണ് ഈ മേഖലയിലെ അധ്യാപകരും അനദ്ധ്യാപകരും നേരിടുന്നത്.

ക്രിസ്തുവിന്റെ വികാരിമാരും മണവാട്ടികളുമായ പുരോഹിതരും കന്യാസ്ത്രീകളും എത്ര നീചവും മനുഷ്യത്വഹീനവുമായാണ്, അവരെക്കാളൊക്കെ വിദ്യാഭ്യാസയോഗ്യതകളുള്ള അധ്യാപകരെ ചൂഷണം ചെയ്യുന്നത് എന്നോർത്തുനോക്കുക. 2013-14 അക്കാദമിക വർഷത്തിൽത്തന്നെ 700-ഓളം അദ്ധ്യാപകരെ മാനേജ്മെന്റുകൾ ഇപ്രകാരം പിരിച്ചുവിട്ടുവത്രെ! ഇങ്ങനെ പിരിച്ചുവിട്ടതിനെതിരെ അദ്ധ്യാപകർ ഹൈക്കോടതിയിൽനിന്നു സ്റ്റേ ഉത്തരവു സമ്പാദിച്ചു വന്ന ഒരവസരത്തിൽ ആ ഉത്തരവുവാങ്ങി ചവറ്റുകുട്ടയിലേക്കു വലിച്ചെറിയുകയാണ് മാനേജ്മെന്റ് ചെയ്തതെന്ന് 'K.U.S.T.O.' ആരോപിക്കുന്നു. സർവീസുള്ള അദ്ധ്യാപകരെ പിരിച്ചുവിട്ട്, പുതിയ അദ്ധ്യാപകരെ കോഴവാങ്ങി നിയമിക്കുന്ന സമ്പ്രദായവും ഈ മേഖലയിൽ തുടങ്ങിക്കഴിഞ്ഞു. വിദ്യാർഥികളിൽനിന്നുള്ള നിർബന്ധിതസംഭാവനകളും പല പേരുകളിലുള്ള ഫീസുകളും വൻതോതിൽ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയുമാണിവർ.

'ക്രൈസ്തവ'ലേബലിൽ നടമാടുന്ന ഈ കൊടിയ ചൂഷണത്തെയും മനുഷ്യത്വഹീനതയെയും എങ്ങനെ ചെറുക്കാനാകുമെന്ന് ക്രൈസ്തവ സമുദായം ഉണർന്ന് ആലോചിക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസരംഗത്ത് മഹത്തായ ഒരു വിപ്ലവത്തിനു തിരികൊളുത്തിയ ഈ സമൂഹം ഒത്തുപിടിച്ചാൽ വിദ്യാഭ്യാസത്തിന്റെ പേരിൽ തങ്ങളുടെ സമുദായത്തിൽ നടക്കുന്ന ഈ നൃശംസതയെ തളയ്ക്കാൻ കഴിയാതെ വരുമോ?

●●

### പ്രൊഫ.സി.സി.ജേക്കബിന്റെ ശവസംസകാരം തടഞ്ഞ സംഭവം

# ബിഷപ്പ് കെ.ജി.ദാനിയേൽ പത്തു ലക്ഷം രൂപ നഷ്ടപരിഹാരം നൽകാൻ കോടതിവിധി

പൊതുപ്രവർത്തകനും സഭാനേതാവുമായിരുന്ന പ്രൊഫ. സി. സി. ജേക്കബിന് പള്ളിസെമിത്തേരിയിലെ കുടുംബക്കല്ലറയിൽ ശവസംസ്കാരം നിഷേധിച്ച സംഭവത്തിൽ സി.എസ്.ഐ.ബിഷപ്പ് പത്തുലക്ഷം രൂപയും കോടതിച്ചെലവും നഷ്ടപരിഹാരമായി നൽകാൻ വിധി. പ്രൊഫ. സി.സി.ജേക്കബിന്റെ ഭാര്യയും മക്കളും നൽകിയ മാനനഷ്ടക്കേസിലാണ് ഈരാറ്റുപേട്ട മുനിസിഫ് കോടതിയുടെ സുപ്രധാനവിധി. ശത്രുവിനെ സ്നേഹിക്കാനും ഏഴ് എഴുപതുവട്ടം ക്ഷമിക്കുന്നതിനും പഠിപ്പിച്ച യേശുക്രിസ്തുവിന്റെ ചില അനുയായികൾ മൃതദേഹത്തോടുപോലും ശത്രുത പുലർത്തിയതിന്റെ നേർക്കാഴ്ചയായിരുന്നു എള്ളുമ്പുറം സി.എസ്.ഐ സഭയിൽ നടന്ന പ്രാകൃതമായ ശവസംസ്കാര വിലക്ക്. കുരിശിലേറിയ യേശുദേവന്റെ സ്നേഹവും ഇഹലോകജീവിതത്തിന്റെ നശ്വരതയും പരലോകജീവിതത്തിന്റെ ശ്രേഷ്ഠതയും വിശ്വാസികളെ പഠിപ്പിക്കേണ്ട പള്ളിപ്രമാണിമാർ ശിലാഹൃദയരായി മാറിയപ്പോൾ ഒരു സത്യവിശ്വാസിക്ക് പള്ളിസെമിത്തേരിയിലെ കുടുംബക്കല്ലറയിൽ അന്ത്യനിദ്ര നിഷേധിക്കപ്പെട്ടു. ആകാശത്തിലും ഭൂമിയിലുമുള്ള സകല അധികാരങ്ങളും കൈവെപ്പിലൂടെ ലഭിച്ചുവെന്ന വ്യാജേന മനുഷ്യാവകാശലംഘനവും നിയമവിരുദ്ധ പ്രവർത്തനങ്ങളും നടത്തി യേശുക്രിസ്തുവിന്റെ മറവിൽ അന്തിക്രിസ്തുക്കളായി മാറുന്ന ഒരു വിഭാഗം മെത്രാൻ-ബിഷപ്പ്-പുരോഹിത മാടമ്പികൾക്ക് ശക്തമായ താക്കീതാണ് കോടതിവിധിയെന്ന് വിശ്വാസികൾ അഭിപ്രായപ്പെടുന്നു.

എള്ളുംപുറം സെന്റ് മാത്യൂസ് സി.എസ്.ഐ പള്ളിയിലെ കുടുംബക്കല്ലറയിൽ സഭാനേതാവും പൊതുപ്രവർത്തകനുമായിരുന്ന പ്രൊഫ. സി.സി. ജേക്കബിന്റെ മൃതദേഹം സംസ്കരിക്കുന്നത് തടഞ്ഞ സി..എസ്. ഐ. ഈസ്റ്റ് കേരള മഹായിടവക ബിഷപ്പ് കെ. ജി. ദാനിയേലും പള്ളിവികാരിയും ഒമ്പത് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ നഷ്ടപരിഹാരവും കോടതിച്ചെലവും നൽകാനാണ് ഈരാറ്റുപേട്ട മുൻസിഫ് കോടതി ജഡ്ജി ഹരീഷ് ജി. വിധി പ്രസ്താവിച്ചത്. ബിഷപ്പ് കെ. ജി ദാനിയേൽ, എള്ളുംപുറം പള്ളിവികാരി, സി.എസ്.ഐ. ഈസ്റ്റ് കേരള മഹായിടവക എന്നിവരെ എതിർകക്ഷികളാക്കി പ്രൊഫ. ജേക്കബിന്റെ

(ശേഷം പേജ് 23)

# പുസ്തകപരിചയം

സഭാനവീകരണത്തെക്കുറിച്ച് ഫ്രാൻസിസ് മാർപാപ്പാ മുതൽ താഴോട്ട് അനേകംപേർ സംസാരിക്കുന്നുണ്ട്. സഭാനവീകരണം ക്രിസ്ത്യാനിയുടെ ഒരു അടിയന്തിര കർത്തവ്യമാണെന്ന് പലരും വിശ്വസിക്കുന്നു. പലരും സഭാനവീകരണത്തെ സംശയദൃഷ്ടിയോടുകൂടിയാണ് നോക്കിക്കാണുന്നത്.

സഭാനവീകരണത്തിനാവശ്യമായിവരുന്നത് പലപ്പോഴും സഭയിൽ ഇന്ന് അനുവർത്തിച്ചുവരുന്ന പല കാര്യങ്ങളും സുവിശേഷാടിസ്ഥാനത്തിൽ അല്ലെന്നുള്ള കാഴ്ചപ്പാടാണ്. ഇന്ന് സഭാനവീകരണം സംബന്ധിച്ചുള്ള കാഴ്ചപ്പാടിനെക്കുറിച്ച് ശരിയായ ബോദ്ധ്യമുള്ള ധാരാളം പേരുണ്ട്. അവയെക്കുറിച്ച് പഠിച്ച് തീരുമാനം എടുക്കുന്നതിനു സഹായകമായ ഗ്രന്ഥങ്ങൾ ഇന്ന് വളരെ കുറവാണ്. തന്മൂലം സഭാനവീകരണം സഭാനശീകരണമാണെന്നു കരുതുന്നവരും കുറവല്ല. ഈ സാഹചര്യത്തിലാണ് ശ്രീ. ജോസഫ് കാലായിൽ എഴുതി കേരള കത്തോലിക്കാ സഭാ നവീകരണ പ്രസ്ഥാനം പ്രസിദ്ധീകരിച്ച "കത്തോലിക്കാസഭയുടെ പത്തുമുറിവുകൾ" എന്ന ഗ്രന്ഥം സഭാപഠിതാക്കൾക്ക് ഒരു മാർഗദർശിയാകുന്നത്.

ഫാ. ഗുരുദാസ് എഴുതിയ അവതാരിക ഈ ഗ്രന്ഥത്തിന് ഭൂഷണമാണ്. വിമർശനാത്മകമായ ഗ്രന്ഥങ്ങൾ സ്വീകരിക്കാൻ മടിച്ചു നിൽക്കുന്ന സഭയുടെ കണ്ണു തുറപ്പിക്കാൻ ഈ ഗ്രന്ഥം സഹായിക്കും. സഭയെക്കുറിച്ചും സഭയുടെ കുർബാനക്രമത്തെക്കുറിച്ചും ആഴമായ ഒരു പഠനമാണ് ഈ ഗ്രന്ഥത്തിൽനിന്ന് അനുവാചകർക്ക് ലഭിക്കുന്നത്.

സഭയുടെ പൗരോഹിത്യം മുതലുള്ള കാര്യങ്ങൾ ഈ ഗ്രന്ഥത്തിൽ ആഴമായി വിശകലനം ചെയ്യുന്നുണ്ട്. കത്തോലിക്കാ സഭയിൽ ഇന്നു കാണുന്ന അധികാരപരമായ പൗരോഹിത്യം യേശു നിർദേശിതമല്ല. കാലഘട്ടവും ദുരുപദേശവും സഭയുടെ മേൽ അടിച്ചേൽപിച്ച പൗരോഹിത്യത്തെക്കുറിച്ചുള്ള ധാരണയെ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പശ്ചാത്തലത്തിൽ ഈ ഗ്രന്ഥത്തിൽ ശ്രീ. ജോസഫ് കാലായിൽ വിശദമായി പഠിക്കുന്നു.

സഭാനവീകരണത്തെക്കുറിച്ച് ചിന്തിക്കുന്നവർ തീർച്ചയായും വായിച്ചിരിക്കേണ്ട ഒരു ഗ്രന്ഥമാണ് ശ്രീ. ജോസഫ് കാലായിൽ രചിച്ച "കത്തോലിക്കാ സഭയുടെ പത്തുമുറിവുകൾ".

അത്മായരും പുരോഹിതരും മെത്രാന്മാരും ഈ ഗ്രന്ഥം ഗൗരവത്തോടുകൂടി വായിക്കേണ്ടതാണ് എന്ന് എനിക്കു തോന്നുന്നു.

ജോസഫ് പുലിക്കുന്നേൽ

***ഗ്രന്ഥം ആവശ്യമുള്ളവർ ബന്ധപ്പെടുക.***

മാത്യു എം. തറക്കുന്നേൽ
സർക്കുലേഷൻ മാനേജർ
'സത്യജ്വാല' , പാലാ
കോട്ടയം - 686 575
Mob: 9495188610

ശ്രീ.ജോസഫ് കാലായിൽ
വാഴക്കുളം പി. ഒ.
മൂവാറ്റുപുഴ
എറണാകുളം - 686 670
Mob : 9447663433

# കോട്ടയം നസ്രാണി പെരുമ

**ജയിംസ് ഐസക്**

ഓശാനയിൽ എന്റെ ലേഖനം വായിച്ച ഒരു കോട്ടയം സുഹൃത്ത് ഒരു പരാതി ഉന്നയിച്ചു. രാമപുരം, ഇടപ്പള്ളി ദേവാലയങ്ങളെകുറിച്ച് എഴുതിയപ്പോൾ കോട്ടയം ലൂർദ്ദു ദേവാലയം എന്തുകൊണ്ടു വിട്ടുകളഞ്ഞു? നാൽപത്തഞ്ചു കോടിയുടെ ബാബേൽ ഗോപുരമാണു ഇവിടെ ഉയരുന്നത്. മൊത്തം ചെലവിന്റെ പകുതിയും സ്വർണവ്യാപാരിയായ ഒരു കോടീശ്വരനാണു വഹിക്കുന്നത്. ഇതേ വ്യക്തിതന്നെയാണു തിരുനക്കര ക്ഷേത്രത്തിലെ ഉത്സവവും സ്പോൺസർ ചെയ്യുന്നത്. അൽപം അതിശയോക്തി ഉള്ളതായി തോന്നി. എന്നാൽ ഒരു കാര്യം വ്യക്തം. കോടികൾ ചെലവഴിച്ച് ഗംഭീരമായി പണിയുന്ന ഈ നിർമ്മിതിയിൽ അസന്തുഷ്ടരായ കുറേപേർ ഇടവകയിലുണ്ട്. നൂറ്റാണ്ടുകളുടെ പഴക്കമില്ലാത്ത ഇടവകയുടെ ഇപ്പോഴത്തെ ഭരണത്തിൽ ഇടവകയിലെ സാധാരണക്കാരും പാവപ്പെട്ടവരും അവഗണിക്കപ്പെടുന്നു എന്നു പരാതിയുണ്ട്.

സുഹൃത്തിൽനിന്നു ലക്ഷങ്ങൾ സംഭാവന പ്രതീക്ഷിച്ചുകൊണ്ടാണു വികാരിയും രണ്ടു കൊച്ചച്ചന്മാരും കൈക്കാരനും ചേർന്നു വന്നത്. എല്ലാ സൗകര്യങ്ങളും ഉണ്ടായിരുന്ന നല്ല ദേവാലയം പൊളിച്ചതിൽ പരാതിയുണ്ടായിരുന്ന സുഹൃത്ത് സംഭാവന നൽകാൻ മടിച്ചു. ഇനി അധികനാൾ ജീവിച്ചിരിക്കയില്ല, മരിച്ചാൽ സ്വന്തം നാട്ടിൽ സംസ്കരിക്കുന്നതിനു കരാർ നൽകിയതായും അദ്ദേഹം പറഞ്ഞു. മൃതദേഹം വിട്ടുകൊടുക്കുന്നതിനും ലൂർദ്ദു പള്ളിയുടെ അനുവാദം വേണമെന്നു പറഞ്ഞപ്പോൾ സുഹൃത്തു പറഞ്ഞത് കോട്ടയത്തു മുൻസിപ്പൽ ശ്മശാനം ഉണ്ട്, ഒരു പള്ളിയുടെയും അനുവാദമില്ലാതെ അവിടെ സംസ്കരിക്കാം എന്നായിരുന്നു.

## അൽപം ചരിത്രം

ഇൻഡ്യയിലെ കത്തോലിക്കാ സഭയുടെ മൂന്നു റീത്തുകളും കോട്ടയത്തു തഴച്ചു വളർന്നിട്ടുണ്ട്.

1887 മേയ് 20-നാണ് സുറിയാനി കത്തോലിക്കർക്കായി തൃശൂർ, കോട്ടയം എന്നീ വികാരിയാത്തുകൾ പ്രഖ്യാപിക്കപ്പെട്ടത്. കോട്ടയത്തു ഒറിജിനൽ കത്തോലിക്കർ തീർത്തും കുറവായതുകൊണ്ടും ചങ്ങനാശ്ശേരിയുടെ പ്രേരണയാലും മാർ ലവീഞ്ഞ് സഭയുടെ ആസ്ഥാനം ചങ്ങനാശ്ശേരിയാക്കി. അവിടെ അരമനയും കത്തീഡ്രലും സ്ഥാപിച്ചു. 1896-ൽ ചങ്ങനാശ്ശേരി രൂപതയും ആരംഭിച്ചു. മാർ മാക്കീൽ ആയിരുന്നു ആദ്യത്തെ സ്വദേശി മെത്രാൻ.

കോട്ടയത്ത് മീനച്ചിലാറിന്റെ തീരത്ത് 15-ാം നൂറ്റാണ്ടിൽ തന്നെ കടുത്തുരുത്തിയിൽ നിന്നു വന്ന തെക്കുംഭാഗർ വലിയ പള്ളി സ്ഥാപിച്ചി

രുന്നു. കൂനൻ കുരിശു സത്യത്തിനുശേഷമുണ്ടായ പിളർപ്പിനെ തുടർന്നു കത്തോലിക്കാ വിഭാഗമായ തെക്കുംഭാഗർ ഇടയ്ക്കാട്ടു പള്ളി നിർമ്മിച്ചു. ഇതാണ് മാർ ലവീഞ്ഞിന്റെ ആദ്യ കത്തീഡ്രലും മാർ മാക്കീൽ മെത്രാന്റെ കബറിടവും.

1912-ൽ കോട്ടയം രൂപത സ്ഥാപിതമായി. മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ 1942-ൽ ക്രിസ്തുരാജ കത്തീഡ്രൽ നിർമിച്ചു. അഞ്ചു നിലകളിൽ മണിമാളികയുമായി ഉയർന്ന ദേവാലയം അക്കാലത്തു വലിയ സംഭവമായിരുന്നു. രാജത്വ തിരുനാളിന് അഞ്ചാം നിലയുടെ മുകളിൽ വിശുദ്ധ കുർബാനയുടെ ആരാധനയും നടത്തി നഗരത്തിന് വി. കുർബാനയുടെ ആശീർവാദം നൽകിയിരുന്നു.

ക്നാനായക്കാരല്ലാത്ത അനേകം വടക്കുംഭാഗർ ഇക്കാലത്തു കോട്ടയത്തു ബിസിനസ്സിനായും ഉദ്യോഗത്തിനായും താമസിച്ചിരുന്നു. കിഴക്കു നിന്നു ചില എസ്റ്റേറ്റ് ഉടമസ്ഥർ മക്കളുടെ വിദ്യാഭ്യാസം കരുതി മാത്രം കോട്ടയത്തു താമസിച്ചിരുന്നു. എല്ലാവരും ക്രിസ്തുരാജ കത്തീഡ്രൽ സ്വന്തം ഇടവകപ്പള്ളിപോലെ കണ്ട് ക്രിസ്തീയ സ്നേഹത്തിൽ ജീവിച്ചു.

പ്രോട്ടസ്റ്റന്റ് മിഷനറിമാരിൽ നിന്നു ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിക്കാൻ സൗകര്യം കിട്ടിയ പുത്തൻകൂർ വിഭാഗത്തിലെ ചെറുപ്പക്കാർ കിഴക്ക് എസ്റ്റേറ്റുകളിലും നാട്ടിൽ വിവിധ സർക്കാർ ഓഫീസുകളിലും ജോലി നേടി കൂടുതൽ സൗകര്യമായി ജീവിച്ചു.

## കോട്ടയവും ദീപികയും

സി.എം.ഐ. സഭയ്ക്കും ദീപികയ്ക്കും കോട്ടയത്തിന്റെ വളർച്ചയിൽ വലിയ സ്വാധീനം വഹിക്കാൻ കഴിഞ്ഞു. 1887-ൽ ദീപിക പ്രസിദ്ധീകരിച്ചു തുടങ്ങിയതു മാന്നാനം എന്ന കുഗ്രാമത്തിൽ നിന്നാണ്. 1939-ൽ ദീപിക കോട്ടയത്തേക്കു മാറ്റി. ഇവിടെ സ്ഥലം കൈവശമാക്കാൻ വളരെ പ്രയാസപ്പെട്ടു. സി.എം.എസ്.കാർ കത്തോലിക്കാ പ്രസ്ഥാനങ്ങൾക്കു സ്ഥലം നൽകാൻ തയ്യാറായില്ല. ദീപികയുടെ സ്റ്റാഫിൽപെട്ട ഒരു ഹൈന്ദവ വ്യക്തി സ്വന്തമായി സ്ഥലം വാങ്ങി ദീപികയ്ക്കു മറിച്ചു വിൽക്കുകയാണു ചെയ്തത്.

ആർപ്പൂക്കര, മാന്നാനം, കുടമാളൂർ ഭാഗങ്ങളിൽനിന്നു മീനച്ചിലാർ കടന്നു കോട്ടയം ടൗണിലേക്കു വന്ന ദീപിക തൊഴിലാളികൾ അന്നത്തെ രീതിയനുസരിച്ച് ഒറ്റമുണ്ടും തോർത്തും കഴുത്തിൽ രണ്ടു ചരടിന്റെ ഉത്തരീയവും അണിഞ്ഞായിരുന്നു വന്നിരുന്നത്. കോട്ടയം നഗരവാസികൾ ഇവരെ പരിഹസിക്കുകയും ചിലപ്പോൾ കയ്യേറ്റം ചെയ്യുകയും ചെയ്തിരുന്നു.

കാലം മാറി. ഇന്നു കോട്ടയത്തു ദീപിക പ്രസ്സിന്റെ സമീപം സി. എം.ഐ പ്രൊവിൻഷ്യൽ ഹൗസ് ആണ്. മൂന്നു നില വൈദിക മന്ദിരം.

വിശാലമായ ചാപ്പലിൽ ഞായറാഴ്ച മൂന്നു കുർബാന. 300–ൽ പരം ആളുകൾ ഇവിടെ വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്നു. സീറോ മലബാർ റീത്ത് ആണെങ്കിലും ചങ്ങനാശ്ശേരിയുടെ പൗരസ്ത്യ തനിമ നിർബന്ധം ഇല്ല. അതിനാൽ ടൗണിൽ ഏറെപേരും ഇടവകപള്ളിയിൽ പോകാതെ ദീപിക ചാപ്പലിൽ ദിവ്യ ബലിയ്ക്കണയുന്നു.

## കോട്ടയത്തെ മലങ്കര കത്തോലിക്കാ സഭ

ഒരു നൂറ്റാണ്ടിനുമുമ്പ് മെത്രാൻ കക്ഷിയും ബാവാ കക്ഷിയുമായി പരസ്പരം മത്സരിച്ചിരുന്ന പുത്തൻകൂർ വിഭാഗത്തിൽനിന്നു മെത്രാൻ കക്ഷി വേർപിരിയുന്നതിനു ശ്രമം തുടങ്ങി. കോടതി കേസുകളിൽ തുടർച്ചയായി തോൽവി നേരിട്ടിരുന്ന ഇവർ അടുത്ത പരാജയ പ്രഖ്യാപനത്തിൽ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നതിനു തീരുമാനിച്ചു. മാർ ഇവാനിയോസിനെ ഇതിനായി റോമുമായി എഴുത്തുകുത്തുകൾ നടത്തുവാനും നിയോഗിച്ചു. നിധിയിരിക്കൽ മാണിക്കത്തനാരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന നസ്രാണി ജാതൈക്യ സംഘവും ഈ കാര്യത്തിനു ശ്രമിച്ചിരുന്നു. എന്നാൽ സുപ്രീം കോടതി വിധി മെത്രാൻ കക്ഷിക്ക് അനുകൂലമായി വന്നതിനെതുടർന്നു പുനരൈക്യ ചിന്ത മാറ്റി വച്ചു എന്നാൽ ബഥനിയുടെ മാർ ഇവാനിയോസും ഏതാനും പേരും സധൈര്യം കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. കോട്ടയം രൂപതയുടെ അലക്സാണ്ടർ ചൂളപ്പറമ്പിലും ചങ്ങനാശ്ശേരിയുടെ ജയിംസ് കാളാശ്ശേരിയും എറണാകുളത്തിന്റെ അഗസ്റ്റിൻ കണ്ടത്തിലും ഈ മഹാ സംഭവത്തിനു പ്രേരണ നൽകിയിരുന്നു. മലങ്കര കത്തോലിക്കാ സഭയുടെ ജനനത്തിനു കോട്ടയം വേദിയൊരുക്കി. 1930 ലായിരുന്നു പുനരൈക്യം.

ഇന്നു ഗിരിദീപം വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ബഥനി ജനറലേറ്റ്, കൂടാതെ സുറിയാനി ഗവേഷണത്തിനായി സെന്റ് എഫ്രേം റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സീരി) എന്ന സ്ഥാപനം ഇവയെല്ലാം ഇവിടെയുണ്ട്. ബേക്കർഹിൽ കോമ്പൗണ്ടിലാണു സീരിയും സെന്റ് തോമസ് ഇടവക ദേവാലയവും. എല്ലാം നഗര മധ്യത്തിൽതന്നെ.

## വിജയപുരം രൂപത

വരാപ്പുഴ ലത്തീൻ രൂപതയിൽ നിന്നും സ്പാനിഷ് മിഷനറിമാർ കോട്ടയത്തും പരിസരങ്ങളിലും പ്രേഷിതവേല ചെയ്തു. ഇവരിൽ നിന്നു ധാരാളം ദളിത് കുടുംബങ്ങൾ ക്രിസ്തുമതം സ്വീകരിച്ചു. വിജയപുരം രൂപത നിലവിൽ വന്നു. നല്ലയിടയൻ ദേവാലയത്തിനു പുറമേ അറുപതു വർഷം മുമ്പ് വിമലഗിരി കത്തീഡ്രലും നിർമിതമായി. നാഗമ്പടത്തു വിശാലമായ ഷോപ്പിംഗ് കോംപ്ലക്സും വി. അന്തോനീസിന്റെ നാമത്തിൽ കപ്പേളയും ഉയർന്നു. ചൊവ്വാഴ്ച തോറും നടത്തുന്ന നൊവേനയിൽ ആയിരക്കണക്കിനു ജനങ്ങൾ സംബന്ധിക്കുന്നു. ഇവിടെ വരുന്ന ഭക്തജനങ്ങൾക്കു റീത്ത് അടിസ്ഥാനത്തിൽ വിഭാഗീയതയില്ല.

## കോട്ടയം ക്നാനായ കത്തോലിക്കരുടെ സ്വന്തം നഗരം

1877-ൽ കോട്ടയം എന്നപേരിൽ വികാരിയാത്തുണ്ടായി. എങ്കിലും കോട്ടയം രൂപതയ്ക്കു ജന്മം ലഭിച്ചത് 1912-ലാണ്. ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷനായിരുന്ന മാർ മാത്യു മാക്കീൽ ആണു പ്രഥമ കോട്ടയം മെത്രാൻ.

ക്നാനായ സമൂഹത്തിലെ പേരുകേട്ട കുടുംബങ്ങൾ എല്ലാംതന്നെ കോട്ടയം തങ്ങളുടെ സഭാകേന്ദ്രമായി കരുതി ഇവിടെ താമസമുറപ്പിച്ചു. ക്രമേണ പാലാ, കാഞ്ഞിരപ്പള്ളി, പൂഞ്ഞാർ, ചങ്ങനാശ്ശേരി, കുട്ടനാടൻ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ നിന്നു ബിസിനസ് താൽപര്യങ്ങൾക്കും ജോലിക്കും വേണ്ടി കോട്ടയത്തു കുടിയേറി. കുട്ടനാട്ടിൽനിന്നു വന്ന എൻ. എക്സ്. ജോർജ് എട്ടുപറയിൽ സിനിമാ ഫിലിം വിതരണം ആരംഭിച്ചപ്പോൾ മറ്റൊരു കുട്ടനാട്ടുകാരനായ കെ.എം. ചാക്കോ കരുവേലിത്തറ പൗരധ്വനി എന്ന പേരിൽ പത്രവും തുടങ്ങി. റബ്ബർ കർഷകരായിരുന്ന മീനച്ചിൽ കത്തോലിക്കർ കോട്ടയത്തുവന്നു റബ്ബർ വ്യാപാരം കൂടി ചെയ്തു സാമ്പത്തികമായി ഉയർന്നു. കുരുവിനാക്കുന്നേൽ, കൊല്ലംകുളം, പൊട്ടൻകുളം, കരിപ്പാപറമ്പിൽ, തെള്ളിയിൽ, നീരാക്കൽ തുടങ്ങി പ്രസിദ്ധ കുടുംബങ്ങളുടെയെല്ലാം ശാഖകൾ കോട്ടയത്തുണ്ടായി. കോട്ടയം രൂപതയുമായി വളരെ നല്ല ബന്ധമാണ് അന്നു മറ്റുള്ളവർ നിലനിർത്തിയിരുന്നത്.

## ചങ്ങനാശ്ശേരി രൂപതയുടെ വളർച്ച

ചങ്ങനാശ്ശേരിക്കു സ്വന്തമായി കോട്ടയത്തു വികസിക്കണമെന്ന മോഹമുണ്ടായി. ആദ്യം തുടങ്ങിയത് ഒരു പെറ്റി സെമിനാരി ആയിരുന്നു. അതോടൊപ്പം മെഡിക്കൽ മിഷൻ സിസ്റേറഴ്സിന്റെ മഠവും തുടങ്ങി. ഏതാനും വർഷങ്ങൾ കഴിഞ്ഞാണു ഇടവക ആയത്. കോട്ടയം നഗരത്തിലെ വിദ്യാസമ്പന്നരായ ആളുകൾ പള്ളി മുറിയോടനുബന്ധിച്ചു ഒരു കാത്തലിക് ക്ളബു തുടങ്ങി. ചീട്ടുകളിപോലെ ചില വിനോദങ്ങൾ തുടർന്നു. ഇടവക അതിവേഗം വളർന്നു. നാൽപതു വർഷം മുമ്പ് പള്ളി നവീകരിക്കുകയും പാരിഷ്ഹാൾ നിർമിക്കുകയും ചെയ്തു. ഇവിടെ പള്ളി വടക്കോട്ടു ദർശനമായിട്ടായിരുന്നതിനാൽ 1986-നു ശേഷമുണ്ടായ ലിറ്റർജി നവീകരണത്തിനു ഒരു തടസ്സമായിരുന്നു.

പ്രഗത്ഭനായ ഫാ. മാണി പുതിയിടം വികാരിയായി ചാർജെടുത്തതു മുതൽ രൂപതാ കേന്ദ്രത്തിന്റെ ഇംഗിതത്തിനൊത്ത മാറ്റങ്ങൾ ആരംഭിച്ചു. ഈ പുരോഹിതന്റെ സംഘടനാ വൈദഗ്ദ്ധ്യം എടുത്തു പറയേണ്ട ഒന്നാണ്. അന്നുവരെ ലത്തീൻ ദേവാലയങ്ങളിൽ ഞായറാഴ്ച പോയിരുന്നവരെ നേരിട്ടു കണ്ടു ലൂർദു ഇടവകയിലേക്കു കൊണ്ടുവന്നു. കോട്ടയത്തിന്റെ പടിഞ്ഞാറൻ പ്രദേശത്തുള്ള താഴത്തങ്ങാടി ഇടവകയിൽ അംഗമായിരുന്ന ഒരു ബിസിനസുകാരനെയും ലൂർദ്ദിലേക്കു കൊണ്ടുവന്നു. ആ വ്യക്തി കോടീശ്വരനായ സ്വർണവ്യാപാരി ആയിരുന്നു. സാമ്പത്തികമായി

ഉയർന്നവരെ പ്രത്യേകമായി ക്ഷണിച്ചുകൊണ്ടുവന്നു ഇടവകയിൽ മാന്യമായ അംഗീകാരം നൽകാൻ മാണി പുതിയിടത്തിനു പ്രത്യേകതാൽപര്യമുണ്ടായിരുന്നു.

ഇടവകയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾപോലും വികാരിയുടെ കർശന നിയന്ത്രണത്തിലായിരിക്കണമെന്നു നിശ്ചയിച്ചു. വളരെ നന്നായി പ്രവർത്തിച്ചിരുന്ന സെന്റ് വിൻസെന്റ് ഡി. പോൾ സൊസൈറ്റിയിലും ഇഷ്ടമില്ലാത്തവരെ മാറ്റിയെടുത്തു.

പള്ളിവക സ്ഥലം കൈവശമാക്കി എന്ന് മെഡിക്കൽ മിഷൻ സിസ്റ്റേഴ്സിന്റെ പേരിൽ ഗുരുതരമായ ആരോപണം ഉന്നയിച്ചു. പക്ഷേ കോടതി കേസിൽ ദയനീയമായി പരാജയപ്പെട്ടു.

ലൂർദ്ദു മാതാവിന്റെ ഗ്രോട്ടോ ഒരു പൗരസ്ത്യ പാരമ്പര്യമല്ലാതിരുന്നിട്ടും ലക്ഷങ്ങൾ ചെലവഴിച്ചു ഭീമാകാരമായ ഗ്രോട്ടോ പള്ളി മുറ്റത്തു നിർമിച്ചു.

പുതിയ ദേവാലയത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനു മുമ്പായി ഫാ. പുതിയിടത്തിനു മാറ്റം ലഭിച്ചു.

കോട്ടയം കത്തോലിക്കർ റീത്തു ഭേദമില്ലാതെ കത്തോലിക്കാ സഭാപ്രവർത്തനങ്ങൾ നടത്തിയിരുന്ന കാലം ഉണ്ടായിരുന്നു. വി. ജോൺപോൾ രണ്ടാമനു സ്വീകരണം നടത്തിയതു ഒരു മഹാസംഭവമായിരുന്നു. ചങ്ങനാശ്ശേരി വിഭാഗത്തിന്റെ നിർബന്ധബുദ്ധി നടക്കാൻ വേണ്ടി മാർപാപ്പയോടൊപ്പം താഴെ ദിവ്യബലി അർപ്പിച്ച വൈദികർ മൂന്നു മണിക്കൂർ കത്തി ഉയരുന്ന സൂര്യന്റെ നേരെ നിന്നു. പലരും മോഹാലസ്യപ്പെടുകയുണ്ടായി. അന്നത്തെ അനുഭവം ഒരു വലിയ സഹനമായി കരുതുന്ന അനേകം വൈദികർ ഇന്നും ജീവിച്ചിരിക്കുന്നു.

കോട്ടയം കത്തോലിക്കർ റീത്തു വ്യത്യാസം അവഗണിച്ചുകൊണ്ടാണ് ആണ്ടുതോറും ബൈബിൾ കൺവെൻഷൻ നടത്തിയിരുന്നത്. ഫാ. പുതിയിടത്തിന്റെ കാലഘട്ടത്തിൽ ഈ സൗഹാർദ്ദതയ്ക്കു കോട്ടം സംഭവിച്ചതായി തോന്നുന്നു. ആരംഭത്തിൽ വളരെ ഊർജ്ജസ്വലതയോടെ നടന്നിരുന്ന കൺവെൻഷൻ ഇന്നു കേവലം ഒരു പതിവു ചടങ്ങുമാത്രമായി തുടരുന്നു.

## ഇന്നത്തെ ലൂർദ്ദു ദേവാലയം

കിഴക്കോട്ടു തിരിഞ്ഞുതന്നെ ബലി അർപ്പിക്കാനുള്ള ചങ്ങനാശ്ശേരി സഭയുടെ തീരുമാനം നടപ്പിലാക്കുന്നതിനാണ് പുതിയ ദേവാലയ നിർമ്മാണം ആരംഭിച്ചത്. ഇന്നത്തെ ഇടവകയുടെ സാമ്പത്തിക നില ഭദ്രമാണ്. എത്ര കോടികൾ വേണമെങ്കിലും പിരിച്ചെടുക്കാം. എങ്കിലും ഒരു ന്യൂനപക്ഷം സംതൃപ്തരല്ല. ചിലർ ഭയപ്പെടുന്നത് പുതിയ ദേവാലയത്തിന്റെ മദ്ബഹായിൽ ക്രൂശിത രൂപം ഇല്ലാതിരിക്കുമോ എന്നാണ്. പൗരസ്ത്യ പാരമ്പര്യപ്രകാരം ബഞ്ചു പാടില്ല എന്നു പ്രഖ്യാപിച്ചാൽ

ആയതു നടപ്പാക്കുകയില്ല. കൽദായ കീഴ്‌വഴക്കങ്ങൾ അടിച്ചേൽപി ക്കാതെ ജനാഭിപ്രായം മാനിച്ചുകൊണ്ടാണെങ്കിൽ കുറെ ഒക്കെ വിജ യിക്കും.

ഏക ഇടയനും ഏക തൊഴുത്തും സഭാ സ്ഥാപകനായ ക്രിസ്തു വിന്റെ സ്വപ്നമായിരുന്നു. എന്നാൽ പത്രോസിന്റെ പിൻഗാമി നയിക്കുന്ന കത്തോലിക്കാ സഭ ഇന്നു 23 വ്യക്തി സഭകളുടെ കൂട്ടായ്മയാണ്. ജാതി യുടെ പേരിലും തനിമയുടെ പേരിലും ഇനിയും പുതിയ വിഭാഗങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ ക്രിസ്തുവിന്റെ കാഴ്ച പ്പാടിനും ഫ്രാൻസീസ് പാപ്പായുടെ കാഴ്ചപ്പാടിനും ലൗകീക താൽപര്യ ങ്ങളുടെ ഉച്ചകോടിയിൽ കയറി നിൽക്കുന്ന സഭയ്ക്കു പിൻതുണ പ്രഖ്യാ പിക്കാൻ കഴിയുമോ എന്നു സംശയമാണ്. അതിനാൽ ഭാവി ചിന്ത്യമെന്നു പറഞ്ഞ് അവസാനിപ്പിക്കുന്നു. കോട്ടയം ലൂർദ്ദ് ഇടവകയ്ക്കും കോട്ട യത്തെ ഇതര കത്തോലിക്കാ സമൂഹങ്ങൾക്കും നന്മ വരട്ടെ!

കോട്ടയം ലൂർദ്ദു ദേവാലയത്തിന്റെ ബേസ്മെന്റിനു വാടക നിശ്ചയി ച്ചിരിക്കുന്നത് ഒന്നര ലക്ഷം മാത്രം. സാധാരണക്കാരനു ഇടവകയിൽ നിന്ന് ആനുകൂല്യം ഒന്നും വേണ്ടാ എന്നാണു യോഗനിശ്ചയം.

□□


## പാറേമ്മാക്കൽ ഗോവർണദോറുടെ

## വർത്തമാനപ്പുസ്തകം (മൂന്നാം പതിപ്പ്)

കേരള സഭയുടെ ആദ്ധ്യാത്മിക പിതാവും സഭയെ വിദേശാധിപ ത്യത്തിൽനിന്നും രക്ഷിക്കുന്നതിനുവേണ്ടിയുള്ള സഹന സമര ത്തിന്റെ നേതാവുമായിരുന്ന പാറേമ്മാക്കൽ ഗോവർണദോറുടെ വർത്തമാനപ്പുസ്തകത്തിന്റെ മൂന്നാം പതിപ്പ് പ്രസിദ്ധീകരിച്ചിരി ക്കുന്നു. നല്ല മേനികടലാസിൽ അച്ചടിച്ച് ആധുനിക മലയാളഭാഷ യിൽ പരാവർത്തനം ചെയ്ത ഈ ഗ്രന്ഥം സഭാചരിത്ര പഠിതാ ക്കൾക്ക് ഒരു കൈപ്പുസ്തകമാണ്.

പരാവർത്തനം : പ്രൊഫ. മാത്യു ഉലകംതറ

വില 125/- രൂപ.

പത്തുകോപ്പികൾ എടുക്കുന്നവർക്ക് ഒരു കോപ്പിക്ക് 100 രൂപ മാത്രം.

വിലാസം : ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ്,
ഓശാനമൗണ്ട്, ഇടമറ്റം പി.ഒ, ഭരണങ്ങാനം, കോട്ടയം- 686578

# www.josephpulikunnel.com
# സജീവമായി

ജോസഫ് പുലിക്കുന്നേലിന്റെ 83-ാം പിറന്നാളായിരുന്ന 2015 ഏപ്രിൽ 14 മുതൽ www.josephpulikunnel.com എന്ന വെബ്സൈറ്റ് ആരംഭിച്ചിട്ടുണ്ട്. വെബ്സൈറ്റിലെ പോസ്റ്റുകൾ അനുദിനം ആഗോളശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി ഒരു ഫേസ്ബുക്ക് പേജും തുടങ്ങിയിട്ടണ്ട്: https://www.facebook.com/pages/Joseph-Pulikunnel/768665796562024. സന്ദർശിച്ച് like ചെയ്യുമല്ലോ.

ജാതിമതഭേദങ്ങൾക്കതീതമായി ആഗോളവ്യാപകമായി ശ്രദ്ധിക്കപ്പെടേണ്ട യേശുദർശനത്തിന് അദ്ദേഹം നൽകുന്ന വ്യാഖ്യാനങ്ങൾ 'ഓശാന' എന്ന പരിമിതമായ പ്രചാരം മാത്രമുള്ള ഒരു മാസികയിലോ അതിന്റെ വായനക്കാരിൽമാത്രമോ ആയി ഒതുങ്ങേണ്ടവയല്ല. കേരളസഭയ്ക്കും സഭാ ചരിത്രത്തിനും അദ്ദേഹം നല്കിയിട്ടുള്ളതും വരുംകാലങ്ങളിൽ നല്കാനിടയുള്ളതുമായ സേവനങ്ങൾ ചരിത്രപഠിതാക്കൾക്കും ഗവേഷകർക്കും നാളെ വിഷയമാകും.

1975 ഒക്ടോബറിൽ പ്രസിദ്ധീകരിച്ച ഓശാന മാസികയുടെ ആദ്യലക്കത്തിലെ എഡിറ്റോറിയൽ മുതൽ പുനഃപ്രസിദ്ധീകരിക്കുന്നുണ്ട്. ഓരോ ലേഖനവും രണ്ട് ഉദ്ധരണികളും വീതം പ്രസിദ്ധീകരിച്ചുകൊണ്ട് വെബ് ലേഖന പ്രകാശനം പൂർത്തിയാകാൻ അഞ്ചു വർഷത്തിലേറെ വേണ്ടിവരും. അദ്ദേഹം എഴുതിയിട്ടുള്ള മറ്റു കൃതികളും അദ്ദേഹവുമായി നടത്തപ്പെട്ടിട്ടുള്ള അഭിമുഖങ്ങളും അദ്ദേഹത്തെപ്പറ്റിയുള്ള വീഡിയോകളും എല്ലാം ഈ വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതാണ്. എല്ലാം സമാഹരിച്ചു കഴിഞ്ഞാലും പ്രതികരണങ്ങളും പഠനങ്ങളും ഉൾപ്പെടുത്തി ഈ സൈറ്റ് സജീവമായിരിക്കും.

സഭാനവീകരണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കും സഭാചരിത്രപഠിതാക്കൾക്കും ഏറെ പ്രയോജനപ്രദമാകണം എന്ന വ്യക്തമായ ഉദ്ദേശ്യത്തോടെ, ലേഖനങ്ങളിലെ വിഷയങ്ങൾ സൂചിപ്പിക്കുന്ന അടിക്കുറിപ്പുകളോടെ, കാലക്രമമനുസരിച്ചാണ് ഈ ലേഖനങ്ങൾ വെബ്സൈറ്റിലൂടെ പ്രസിദ്ധീകരിക്കുന്നത്.

സൈറ്റ് അഡ്മിനിസ്ട്രേഷന്റെ ചുമതല നിർവഹിക്കുന്നത് ശ്രീ. ജോസാന്റണി ആണ്. ഇതിന് സഹകരിച്ച എല്ലാവരോടുമുള്ള നന്ദി അറിയിച്ചുകൊള്ളുന്നു.

എന്ന്

പത്രാധിപസമിതി

# പ്രമേഹരോഗി ചികിത്സാ സഹായപദ്ധതി

ഗുഡ്സമരിറ്റൻ പ്രോജക്ട് ഇന്ത്യ ഓശാനമൗണ്ടിൽ നടത്തുന്ന പ്രമേഹരോഗി ചികിത്സാ സഹായപദ്ധതിയിലേക്ക് ഡിസംബർ ലക്കം ഓശാനയിൽ സംഭാവന ആവശ്യപ്പെടുകയുണ്ടായല്ലോ.

2011 നവംബർ മാസത്തിൽ ആരംഭിച്ച ഈ പദ്ധതിയിലേക്ക് ഓശാന വായനക്കാരും മറ്റുള്ളവരുംകൂടി 2015 മാർച്ച് 31-ാം തീയതി വരെ 4,43,046/- രൂപ സംഭാവനയായി തന്നു എന്ന് സന്തോഷ ത്തോടെ അറിയിക്കട്ടെ.

എല്ലാ ഓശാന വായനക്കാരും സുഹൃത്തുക്കളും ബന്ധുക്കളും ഈ ഫണ്ടിലേക്ക് കഴിവനുസരിച്ച് സംഭാവന നൽകണമെന്ന് വീണ്ടും അഭ്യർത്ഥിക്കുന്നു.

ചെക്ക്, ഡ്രാഫ്റ്റ്, മണിഓർഡർ എന്നിവ അയക്കുന്നവർ Good Samaritan Project India, Hosanna Mount, Edamattom P. O., Kottayam - 686 578 എന്ന പേരിൽ അയക്കുക.

ബാങ്കു വഴി അയക്കുന്നവർ GSPI യുടെ പേരിൽ State Bank of Travancore Pala Branch, A/c No. 67013211342, Bank Code - SBTR 0000120, South Indian Bank, Bharananganam Branch, A/c No. 0010053000005587, Bank Code - SIBL 0000010,Catholic Syrian Bank, Pala A/c No. 0153-02902944-190001, Bank Code CSBK 0000153 എന്ന നമ്പരുകളിൽ ഏതെങ്കിലും ഒന്നിൽ അയക്കുക. ബാങ്കുവഴി അയക്കുന്നവർ അവരുടെ അഡ്രസ്സും ബാങ്കിന്റെ പേരും എന്നാണ് ബാങ്ക് ട്രാൻസ്ഫർ നടന്നതെന്നുമുള്ള വിവരം നിർബ ന്ധമായും അറിയിക്കണം. Phone No. 04822- 236907, 9495586102; E-Mail Address : hosannamountinfo@gmail.com രസീത് ആ അഡ്രസ്സിൽ അയയ്ക്കുന്നതായിരിക്കും.

എല്ലാ സഹകരണവും പ്രതീക്ഷിച്ചുകൊണ്ട്

ജോസഫ് പുലിക്കുന്നേൽ

'Registered' RNI Reg.No.27480/1975

HOSANNA

## IICS പ്രസിദ്ധീകരണങ്ങൾ

1. Acts and Decrees of the Synod of Diamper Rs.150
2. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ
   (രണ്ടാം പതിപ്പ്) എഡിറ്റർ : ഡോ.സ്കറിയ സക്കറിയ Rs.100
3. വർത്തമാനപ്പുസ്തകം (മൂന്നാം പതിപ്പ്) Rs.125
4. മാനിക്കേയൻ കുരിശു വിവാദം - വിവിധ ലേഖകർ Rs. 50
5. Personal Names of Kerala Christians
   ഡോ. എ.എം.മേരിക്കുട്ടി Rs.100
6. ഓശാനയുടെ 25 വർഷം: വിലയിരുത്തലുകൾ
   -വിവിധ ലേഖകർ Rs.80
7. ഉദയംപേരൂർ സൂനഹദോസ് ഒരു ചരിത്രവിചാരണ - " Rs.50
8. പ്രൈവറ്റ് കോളജധ്യാപകന്റെ സ്മരണകൾ (രണ്ടാം പതിപ്പ്)
   ജോസഫ് പുലിക്കുന്നേൽ Rs.80
9. കേരള ക്രൈസ്തവചരിത്രം - വിയോജനക്കുറിപ്പുകൾ ” Rs. 70
10. കാനോൻ നിയമത്തിലെ കാണാച്ചരടുകൾ ” Rs. 80
11. Identity of Nazrani Church of Kerala ” Rs. 75
12. ആരാധനക്രമ വിവാദം: ഓശാനയുടെ ഇടപെടലുകൾ ” Rs.125
13. പേപ്പസി - ചരിത്രപരമായ ഒരു പഠനം ” Rs. 50
14. RSS-Christian Perspective Meet-a team of Speakers Rs.100
15. The Liturgy, Hierarchy & Spirituality of St.Thomas Christians in the Pre-portuguese period - a study
   Joseph Pulikunnel Rs. 25
16. ഓശാനയുടെ എഡിറ്റോറിയലുകൾ (ഭാഗം ഒന്ന്)
   -ജോസഫ് പുലിക്കുന്നേൽ Rs.120
17. ഓശാനയുടെ എഡിറ്റോറിയലുകൾ (ഭാഗം രണ്ട്) ” Rs.120
18. യേശുവും സഭയും -ജോർജ് മൂലേച്ചാലിൽ Rs. 80

## ലഘുഗ്രന്ഥങ്ങൾ

1. നമ്മുടെ കത്തനാരന്മാർ കൽദായകുർബാന ചൊല്ലിയിരുന്നോ? Rs.3
2. അൽമായ-പുരോഹിത സംവാദം
   (ഒരു സംഘം അൽമായ-പുരോഹിത ലേഖകർ) Rs. 10